## നിയമനിർമ്മാണം

### (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2012-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ 2/6/2012-ലെ അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്യുകയും 13/6/2012-ൽ സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ സബ്ജക്ട് കമ്മിറ്റിയ്ക്ക് റഫർ ചെയ്യുകയുമുണ്ടായി.

(സഭ ബഹിഷ്ക്കരിച്ചു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ മടങ്ങിവന്നു)

ശ്രീ. പി. സി. ജോർജ്: സർ, പോയിന്റ് ഓഫ് ഓർഡർ, സഭ ബഹിഷ്ക്കരിച്ചിരിക്കുന്നു എന്ന് പരസ്യമായി പ്രഖ്യാപിച്ച് കക്ഷിനേതാവ് ഇറങ്ങിപ്പോയിട്ട് രണ്ടു മിനിട്ടിനകം തിരിച്ചുവരുന്നത് ഓർഡറിലാണോ? ഇത്

ശരിയല്ല. ഈ നടപടി തെറ്റാണ്. ബഹിഷ്ക്കരിച്ചു എന്നാണ് കക്ഷിനേതാവ് പറഞ്ഞത്. ഇത് ഓർഡറിലാണോ; അങ്ങയുടെ റൂളിംഗ് വേണം.

മി. സ്പീക്കർ: സഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് മടങ്ങിവന്നത് നല്ലതല്ലേ. അതുകൊണ്ട് ഒരു വാക്കിൽ കയറി പിടിക്കേണ്ടതില്ല. യെസ്... യെസ്....

ശ്രീ. സി. ദിവാകരൻ: സർ, യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കുന്ന നടപടിക്രമങ്ങളെയാണ് ഞങ്ങൾ ബഹിഷ്ക്കരിച്ചത്. ....(ബഹളം)......

മി. സ്പീക്കർ: അതിനൊരു തർക്കം വേണ്ട. യെസ്...... യെസ്... ഒ.കെ

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റിയുടെ 14/6/2012-ലെ യോഗത്തിൽ ബില്ലിലെ വ്യവസ്ഥകൾ ഓരോന്നായി പരിശോധിച്ച് ഭേദഗതികളൊന്നും കൂടാതെതന്നെ ബിൽ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുകയാണ്. ബില്ലിലെ വ്യവസ്ഥകൾ സഹകരണമേഖലയുടെ ജനാധിപത്യ അടിത്തറ ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്യുന്നതാണ്. എല്ലാവിഭാഗം സഹകരണ സ്ഥാപനങ്ങൾക്കും തുല്യനീതിയും അവസരസമത്വവും ഉറപ്പാക്കി മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയും വികാസവും സാധ്യമാക്കുന്നതിന് പര്യാപ്തമായ വ്യവസ്ഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നിലധികം താലൂക്കുകൾ പ്രവർത്തനപരിധിയുള്ള പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകളുടെ പ്രവർത്തനപരിധി ഒരു താലൂക്കായി പരിമിതപ്പെടുത്തുന്നതിനും പുതിയ ബാങ്കുകൾ രജിസ്റ്റർ ചെയ്യുമ്പോൾ നിലവിലുള്ള ബാങ്കിന്റെ ആസ്തിബാധ്യതകൾ, അംഗങ്ങൾ,

ജീവനക്കാർ എന്നിവ ഉപയോഗിച്ച് പുതിയ ബാങ്കുകൾ രൂപീകരിക്കുന്നതിനും ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് സ്പെഷ്യൽ ആഡിറ്ററെ നിയമിക്കുന്നതിനും വ്യക്തമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമാവലി മുഖേന ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ......

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, .....

മി. സ്പീക്കർ: നോ, നോ, അതിന് നേരത്തെ എഴുതിത്തരണമായിരുന്നു. പ്ലീസ്... പ്ലീസ്.... നേരത്തെ പറയണമായിരുന്നു. എഴുതിത്തന്നിട്ടില്ലല്ലോ.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഭരണഘടനാ ഭേദഗതിയനുസരിച്ച് നിക്ഷേപകരുടെ പ്രതിനിധികൾ - രണ്ടു പേർ, ബാങ്കിംഗ് പ്രൊഫഷണൽ യോഗ്യതയുള്ളവർ - രണ്ട് പേർ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രതിനിധികൾ - ഓരോ താലൂക്കിൽ നിന്നും കുറഞ്ഞത് ഒരു പ്രതിനിധി, ഇതര സഹകരണ സംഘങ്ങളുടെ പ്രതിനിധികൾ കുറഞ്ഞത് നാലു പേർ, സർക്കാർ നോമിനികൾ - 3 പേർ, വനിതാ പ്രതിനിധികൾ - 3 പേർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള പ്രതിനിധി - 1 എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്കുള്ള പ്രാതിനിധ്യം ഉറപ്പുനൽകുന്നുണ്ട്. ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ കേന്ദ്രസംഘവും ധനസഹായ ബാങ്കായ ജില്ലാ സഹകരണ ബാങ്ക് നിക്ഷേപകരുടെയും ബാങ്കിംഗ് പ്രൊഫഷണൽ

യോഗ്യതയുള്ളവരുടെയും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെയും ഇതര വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങളുടെയും പ്രതിനിധികൾക്ക് പ്രത്യേകം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ജില്ലയിലെ എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും നിക്ഷേപകർക്കും ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതിയിൽ അവരുടേതായ പങ്ക് ഉറപ്പ് വരുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ഇതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്കുള്ള അഭിപ്രായം നേരത്തെ ചെയറിന് എഴുതിത്തരണമായിരുന്നു. അത് എഴുതിത്തന്നിട്ടില്ല. അങ്ങയുടെ ഡിസന്റിംഗ് നോട്ടുണ്ട്. അപ്പോൾ സംസാരിക്കാവുന്നതേയുള്ളൂ.

ശ്രീ. കെ. കെ. നാരായണൻ : സർ, ഈ സഹകരണഭേദഗതി ബില്ലിനോട് ഞാൻ ശക്തമായി വിയോജിക്കുകയാണ്. ഇത് സഹകരണ മേഖലയിലെ ജനാധിപത്യത്തെ തകർക്കുന്ന ഒരു ബില്ലാണ്. സഹകരണപ്രസ്ഥാനം സോഷ്യലിസത്തിന്റെ ആദിമ സങ്കൽപ്പങ്ങളിലാണ് രൂപംകൊണ്ടത്. അതൊരു അന്താരാഷ്ട്ര പ്രസ്ഥാനമാണ്. എന്നുമാത്രമല്ല അതൊരു ജനകീയ പ്രസ്ഥാനംകൂടിയാണ്. ഈ പ്രസ്ഥാനത്തിന് ജാതിമത രാഷ്ട്രീയപക്ഷപാതിത്വം ഇല്ല. സർവ്വരാലും അംഗീകരിക്കപ്പെട്ട ഒരു പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. രാജ്യത്തിന്റെ സഹകരണ പ്രസ്ഥാനത്തിന് നൂറു വയസ്സായി. അതിൽ ഏറ്റവും ഉന്നതമായ മാതൃകയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. അത് ഏതെങ്കിലും ശാഖ

യിൽ മാത്രമല്ല, നാനാ ശാഖയിലും പടർന്ന് പന്തലിച്ചുനിൽക്കുന്ന ഒരു മഹാപ്രസ്ഥാനമാണ് അത്തരമൊരു പ്രസ്ഥാനത്തെ രാഷ്ട്രീയ കുടിലതന്ത്രത്തിന്റെ ഭാഗമായി, അതിന്റെ ജനാധിപത്യപരമായ ഉള്ളടക്കത്തെ ചോർത്തികളയുന്നതാണ് ഈ ഭേദഗതി ബിൽ. പ്രൊഫഷണൽ എന്ന പേരിൽ രണ്ടുപേരെ ജില്ലാ ബാങ്ക് ഭരണസമിതിയിൽ നോമിനേറ്റ് ചെയ്യാൻ രജിസ്ട്രാർക്ക് ഈ ബിൽ അധികാരം നൽകുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ അഭാവത്തിൽ ഒരു വർഷം വരെ രജിസ്ട്രാർക്ക് ഭരണം തുടർന്നുകൊണ്ടുപോകാനുള്ള അവസരം നൽകുന്നു. ഇത് ജനാധിപത്യ നിഷേധാത്മകമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണ സമിതി ഭരണം നടത്തിയ കാലഘട്ടത്തിൽ ചേർത്ത മറ്റു സംഘങ്ങൾ എന്നു പറയുന്ന അസോസിയേറ്റ് സംഘങ്ങളുടെ അംഗത്വം നീക്കംചെയ്യുകയും യു.ഡി.എഫ്.-ന്റെ താത്പര്യമനുസരിച്ച് അവർക്കാവശ്യമുള്ള സംഘങ്ങൾക്ക് പുതുതായി അപേക്ഷ കൊടുത്താൽ അവ സ്വീകരിക്കുകയും ചെയ്യുമെന്ന് ഇതിൽ പറയുന്നുണ്ട്. അത്തരത്തിൽ ചേർക്കുന്ന അസോസിയേറ്റ് അംഗങ്ങൾക്ക് ജില്ലാ ബാങ്ക് ഭരണ സമിതിയിൽ നാല് സീറ്റ് സംവരണം വേണമെന്ന് ഈ ബില്ലിൽ നിബന്ധനയുണ്ട്. അത് രാഷ്ട്രീയപ്രേരിതമായ ഒരു കാര്യമാണെന്നാണ് എന്റെ ആക്ഷേപം. ഇത് സഹകരണതത്വങ്ങൾക്ക് ഘടകവിരുദ്ധമാണ്. സഹകരണ ജനാധിപത്യത്തിന്റെ നിഷേധമാണ്. ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ അസോസിയേറ്റ് അംഗങ്ങൾക്ക് അവസരമൊരുക്കുക എന്നതുവഴി

ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതികൾ പിടിച്ചെടുക്കുക എന്ന താണ് ഈ ഭേദഗതിയുടെ പ്രധാന ഉദ്ദേശമെന്ന് ഇതിൽ നിന്ന് വ്യക്തമാകു ന്നുണ്ട്. ജില്ലാബാങ്കിന്റെ ഭരണസമിതിയെ സംബന്ധിച്ച് കേരളത്തിലെ സഹകാരികൾ ഒന്നടങ്കം മൂന്നു തവണ ചേർന്ന സഹകരണ കോൺഗ്രസ്സ് സമ്മേളനത്തിന്റെ ശുപാർശയനുസരിച്ചാണ് ബാങ്കിന്റെ ബാങ്കാണ് ജില്ലാ ബാങ്ക് എന്ന നിബന്ധന ഉണ്ടായത്. അങ്ങനെ ബാങ്കിന്റെ ബാങ്കാണ് ജില്ലാ ബാങ്ക് എന്ന വ്യവസ്ഥ ഈ ഭേദഗതിയോടെ ലംഘിക്കപ്പെടുകയാണ്. അസോസി യേറ്റ് അംഗങ്ങൾ എന്നുപറയുന്നത് മിക്കതും പ്രവർത്തിക്കുന്നവ അല്ല. ഭരണം പിടിക്കാൻവേണ്ടി യു.ഡി.എഫ്. പടച്ചുണ്ടാക്കിയ ഒരു കടലാസ് സംഘങ്ങളാണ് അവ. അസോസിയേറ്റ് സംഘങ്ങൾ എന്ന പദവി നൽകി മാന്യത കൽപ്പിച്ചിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കോടി കൾ വായ്പയെടുത്ത് മുങ്ങിയതാണ് ഇതിലെ മിക്ക സംഘങ്ങളും. കഴിഞ്ഞ അനുഭവത്തിൽ 40 വർഷങ്ങൾക്കുമുമ്പ് ഇക്ക്വലേറ്റ് ചെയ്ത സംഘങ്ങൾക്കുപോലും ഞങ്ങൾ ഈ സംഘത്തെ പുനസ്ഥാപിച്ചു കൊള്ളാം എന്ന രേഖ എഴുതികൊടുത്താൽ അവർക്ക് വോട്ടവകാശം കൊടുക്കാമെന്നുള്ള വ്യവസ്ഥയുണ്ട്. എന്നിട്ട് വോട്ട് ചെയ്യിച്ചു. എന്നിട്ട് നമ്മുടെ നാട്ടിലെ യഥാർത്ഥ സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ തോൽപ്പിച്ച് ഈ ഭരണസമിതിയിൽ യു.ഡി.എഫ്.-ന്റെ ആധിപത്യം സ്ഥാപിക്കുന്ന നിലപാട് ഇവർ സ്വീകരിച്ചു. അത്തരം ഒരു നിലപാടി ലേയ്ക്ക് കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തെ എത്തിക്കാൻവേണ്ടി

യാണ് ഈ ഭേദഗതി നിയമം. അതുകൊണ്ട് കേരളത്തിലെ സഹകരണ രംഗത്തോട് ജനങ്ങൾക്കുള്ള മതിപ്പ് ഈ ഭേദഗതി നഷ്ടപ്പെടുത്തും. രാഷ്ട്രീയ സംഘർഷങ്ങളുടെ വേദിയായി ഈ സഹകരണ മേഖലയെ മാറ്റും അതുകൊണ്ട് യു.ഡി.എഫ്.-ന് ജില്ലാ ബാങ്കിന്റെ ഭരണസമിതി പിടിച്ചെടുക്കാൻ വേണ്ടിമാത്രമുള്ള ഒരു ഭേദഗതിയാണ് ഇത്. നേരത്തെ ഞാൻ പറഞ്ഞതുപോലെ യു.ഡി.എഫ്. കേരളം ഭരിച്ചപ്പോൾ മുമ്പും ഇത്തരം നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. അത് കേരളത്തിലെ സഹകരണരംഗത്ത് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് പ്രൊഫഷണലുകളുടെ മേൽനോട്ടത്തിലല്ല. ഏതെങ്കിലും ബാങ്ക് വളരെ മോശമായി പ്രവർത്തിക്കുന്നു എന്ന് ആർക്കും പറയാനും കഴിയില്ല. പൊതുവിൽ കേരളത്തിലെ ജനകീയ പ്രസ്ഥാനത്തിന്റെ സഹായത്തോടും അംഗീകാരത്തോടും കൂടി ഏറ്റവും മാതൃകാപരമായി പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന ബാങ്കുകളാണ് കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകൾ . അതിന് രാഷ്ട്രീയ പക്ഷപാതിത്വം വച്ച് രജിസ്ട്രാർക്ക് രണ്ടു പേരെ നോമിനേറ്റ് ചെയ്യാൻ അധികാരം കൊടുക്കുകയാണ്. ഇത് യു.ഡി.എഫ് കെട്ടിപ്പടച്ചുണ്ടാക്കുന്ന കടലാസ് സംഘങ്ങൾക്ക് അസോസിയേറ്റ് സംഘങ്ങൾ എന്ന പേരിൽ അതിൽ സംവരണം കൊടുക്കുകയാണ്. അതെല്ലാം ചേർന്നാൽ യഥാർത്ഥ സഹകാരികൾക്ക് ഈ ബാങ്കിന്റെ ഭരണത്തിൽനിന്ന് പുറത്തു പോകേണ്ടിവരും. ഇത് ജില്ലാ സഹകരണ ബാങ്കിനെ തുല

യ്ക്കാൻ വേണ്ടി കോടികൾ വായ്പയെടുത്ത് മുങ്ങികളഞ്ഞ സംഘങ്ങളെ ഇവിടെ പുനസ്ഥാപിച്ചുകൊണ്ടുവന്ന് അവർക്ക് അസോസിയേറ്റ് പദവി നൽകി അവർക്ക് വോട്ടവകാശം നൽകി ജില്ലാ സഹകരണ ബാങ്കിന്റെ ഭര ണാധികാരം പിടിച്ചെടുക്കാൻവേണ്ടി രാഷ്ട്രീയ നേട്ടത്തെ മാത്രം ലക്ഷ്യ മാക്കി ഉണ്ടാക്കിയ ഒരു ഭേദഗതിയാണ് ഇത്. അതുകൊണ്ട് ഈ ഭേദഗതി യോട് എനിക്ക് ശക്തമായ വിയോജിപ്പുണ്ട്. ഞാൻ ആ വിയോജിപ്പ് ശക്തമായി ഇവിടെ രേഖപ്പെടുത്തുകയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, ഈ ഓർഡി നൻസ് തന്നെ നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണ്. ഇതിനെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഓർഡി നൻസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജികൾ കഴിഞ്ഞ പത്താം തീയതി വാദത്തിനുവന്നു. വാദം തീരാതെ വന്നപ്പോൾ ചില നിബന്ധനകളോടുകൂടി ഈ വരുന്ന 23-ാം തീയതിലേക്ക് മാറ്റിയിരിക്കുകയാണ്. തീരുമാനമാകാത്ത ഈ സാഹചര്യത്തിൽ ഈ ബിൽ ഇവിടെ പരിഗണിക്കുന്നത് ശരിയാണോ? അത് ഓർഡ റിലാണോ എന്ന് നോക്കണം.

മി. സ്പീക്കർ : അങ്ങയുടെ വിയോജനക്കുറിപ്പിൽ ഇതൊന്നും പറ ഞ്ഞിട്ടില്ല.

ശ്രീ. കോലിക്കോട് എൻ. കൃഷ്ണൻനായർ : സർ, ഇത് ഓർഡറിലാണോ എന്നു ചോദിച്ചത് ഹൈക്കോടതിയിലുള്ള പ്രശ്നം തീർത്തിട്ടില്ല. ആ

പ്രശ്നം തീർന്നിട്ട് പോരെ ഇത്രമാത്രം തിടുക്കം എന്തിനാണ് ഇതിനുവേണ്ടിയുള്ള ഓർഡിനൻസ് ഇനി വേണമെങ്കിൽ പുതുക്കാമല്ലോ? ഈ സിയമസഭയിൽ കൊണ്ടുവരുന്നതിനുമുമ്പു തീർക്കേണ്ടതുണ്ടായിരുന്നോ? എന്നാണ് എന്റെ ആദ്യത്തെ സംശയം. ഈ ഓർഡിനൻസ് ഇതുവരെ ഇല്ലാത്ത രീതിയിൽ മുൻകാല പ്രാബല്യത്തോടുകൂടി ആകണം. 1971-ലും 1982-ലും 1989-ലും സുപ്രീംകോടതി ഈ വിധത്തിലുള്ള ഓർഡിനൻസിൽ ഇടപ്പെട്ടിരുന്നു. മുൻകാല പ്രാബല്യത്തോടുകൂടി അങ്ങനെ ഓർഡിനൻസ് ഇറക്കുന്നതിനെ തിരായി വിധി വന്നിട്ടുണ്ട്. ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് ഇപ്പോൾ ഈ പറയുന്ന ഓർഡിനൻസ് മുൻകാല പ്രാബല്യത്തോടുകൂടി പുറപ്പെടുവിച്ചത്. അതുപോലെ കേരളത്തിൽ രണ്ടു രീതിയിലുള്ള സഹകരണമേഖലകളുണ്ട്. ഹ്രസ്വകാലവായ്പകളും ദീർഘകാല വായ്പകളും. ഈ രണ്ടു മേഖലകളെയും തകർക്കുന്ന രീതിയിലുള്ള ഓർഡിനൻസാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഹ്രസ്വകാല വായ്പയിൽ പ്രൈമറി സഹകരണ സംഘങ്ങൾ, ജില്ലാസഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ ഉൾപ്പെടുന്നു. ദീർഘകാല വായ്പയിൽ പ്രൈമറി കാർഷിക വികസന ബാങ്കുകളും സംസ്ഥാന കാർഷിക വികസന ബാങ്കുകളും ഉൾപ്പെടുന്നു. രണ്ടു മേഖലയെയും ഈ ഒരൊറ്റ ഓർഡിനൻസുകൊണ്ട് തകർത്ത് തരിപ്പണമാക്കിയിരിക്കുകയാണ്. ജനാധിപത്യം ക്രൂശിച്ചിരിക്കുകയാണ്. കേരളത്തിലെ സഹകരണ രംഗത്തെപ്പറ്റി ഇന്ത്യയിലൊട്ടാകെ പോകുമ്പോൾ ഇവയെക്കുറിച്ച് എല്ലാ

കാര്യങ്ങളും മനസ്സിലാക്കിയിരുന്നു. ഞാൻ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റായിരുന്നു. ഈ അവസരങ്ങളിലൊക്കെ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലേയും സഹകാരികളുമായി ബന്ധപ്പെട്ടപ്പോൾ കേരളത്തിലെ സഹകരണ ജനാധിപത്യത്തെക്കുറിച്ച് അവർക്കെല്ലാം നല്ല മതിപ്പാണ്. അതിനെ കാത്തുസൂക്ഷിക്കുന്ന ഒരു നടപടിക്രമം ഇവിടെയുണ്ടായിരുന്നു. അതിനെയൊക്കെ തകർത്തുകൊണ്ടാണ് ഈ പറയുന്ന രീതിയിലുള്ള ഓർഡിനൻസ് വന്നത്. ഹ്രസ്വകാല വായ്പ ത്രീ-ടയർ സിസ്റ്റത്തിലും ദീർഘകാല വായ്പ ടൂ-ടയർ സിസ്റ്റത്തിലും പോകുന്ന ഒരു രീതിയാണ് ഇവിടെ ഉണ്ടായിരുന്നത്. വില്ലേജുകൾ കണക്കാക്കിയുള്ള പ്രൈമറി ബാങ്ക് അല്ലെങ്കിൽ പഞ്ചായത്തുകൾ കണക്കാക്കിയുള്ള സഹകരണ ബാങ്ക്. പ്രൈമറി ബാങ്കുകൾ കൃഷിക്കാരുടെ ബാങ്കാണ്. അവർക്ക് വായ്പ കൊടുക്കാനുള്ള ബാങ്കാണ്. അതിന്റെ കേന്ദ്രം എവിടെയാണ്? പ്രൈമറിബാങ്ക് - ജില്ലാ ബാങ്ക് - സംസ്ഥാന സഹകരണ ബാങ്ക്- ഇതിനെയാണ് ത്രീ-ടയർ സിസ്റ്റം എന്നുപറയുന്നത്. ഇതിൽ ഒരു കാര്യം അങ്ങ് ശ്രദ്ധിക്കണം. കൃഷിക്കാർക്ക് ആകെ ആശ്രയിക്കാൻ കഴിയുന്ന ബാങ്കാണ് പ്രൈമറി ബാങ്ക്. അവർക്ക് ആശ്രയിക്കാൻ വേറെ ഒരു സ്ഥലവുമില്ല. അവരുടെ അപ്പെക്സ് ബാങ്കാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കും. മറ്റെല്ലാ കടലാസ് സംഘങ്ങൾക്കും അവരുടേതായിട്ടുള്ള അപ്പെക്സ് ബാങ്കുകളുണ്ട്. ഇവർക്ക് കടം കിട്ടാനും കടം

വാങ്ങാനും അതുപോലെ അവർക്ക് നിയന്ത്രിക്കാനും കഴിയുന്ന ഒരു ബാങ്കാണ് ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും. അതിനെയല്ലേ തകർത്തത്? കൃഷിക്കാരുടെ അവകാശം എടുത്തുകളഞ്ഞിട്ട് കടലാസ് സംഘങ്ങൾക്കല്ലേ ഈ അവകാശം കൊടുത്തത്? ജില്ലയിലുള്ള മുഴുവൻ സംഘങ്ങൾക്കും പ്രവേശനം കൊടുത്തിരിക്കുകയാണ്. എങ്ങനെയാണ് അംഗത്വം കൊടുക്കേണ്ടത്? രണ്ടുതരം മെമ്പർഷിപ്പ് ഉണ്ട്. അവരെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്താം. പക്ഷേ വോട്ടവകാശം ഇല്ലാത്ത മെമ്പർഷിപ്പാണ് ഉള്ളത്. വോട്ടവകാശം ഇല്ലാത്ത മെമ്പർഷിപ്പിനെ വോട്ടവകാശം ഉള്ളതാക്കി. എല്ലാ കാലിത്തട്ട് സഹകരണ സംഘങ്ങളും ഇതിൽ മെമ്പർമാരായി. സംസ്ഥാനത്തെ കൃഷിക്കാരന്റെ ആകെയുള്ള ആശ ഈ ബാങ്കായിരുന്നു. അത് നശിച്ചുപോയിരിക്കുകയാണ്. മറ്റൊരു സംഗതി, സെക്ഷൻ 14 അമെന്റ് ചെയ്തിരിക്കുകയാണ്. ബൈഫർക്കേഷനെക്കുറിച്ചാണ് ഇതിൽ പറയുന്നത്. ഈ ബൈഫർക്കേഷൻ എന്തിനാണ്; സംസ്ഥാന കാർഷിക വികസന ബാങ്ക് പിടിച്ചെടുക്കാനുള്ള പരിപാടിയാണിത്. ഈ സംഘങ്ങൾ ജില്ലാ ബാങ്കുകളും മറ്റ് ബാങ്കുകളും പിടിക്കുമ്പോൾ സംസ്ഥാന കാർഷിക വികസന ബാങ്ക് പിടിക്കുന്നതിനുള്ള പരിപാടിയാണ്. ഒരു കാര്യം, ബൈഫർക്കേഷൻ നടത്തുന്നതിന് സെക്ഷൻ 14 അനുസരിച്ച് വകുപ്പുണ്ട്. ഈ സംഘത്തിന്റെ മൂന്നിൽ രണ്ട് ആളുകൾ തീരുമാനിച്ച്, രജിസ്ട്രാർക്ക് കൊടുത്താൽ, രജിസ്ട്രാർ ആ തീരുമാനം അംഗീകരിച്ചാൽ ബൈഫർക്കേഷൻ നടക്കും. ഇങ്ങനെ നട

ത്തിയിട്ടുണ്ട്. 2000- ൽ സെക്ഷൻ 20 (സി) അനുസരിച്ച് ഈ വകുപ്പിൽ ഒരു ഭേദഗതിയുണ്ടായി. ഓരോ താലൂക്കിലും ഒരു ബാങ്ക്, അങ്ങനെ ഒരു താലൂക്കിൽ ഒരു ബാങ്ക് എന്നുള്ള രീതിയിൽ തീരുമാനം വന്നപ്പോൾ ആ രീതിയിൽ താലൂക്ക് സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ തുടങ്ങി. ഇതിനെതി രായി കാർഷിക വികസന ബാങ്ക് ഹൈക്കോടതിയിൽ കേസിനുപോകുക യുണ്ടായി. ആ കേസ് കോടതി തള്ളുകയാണ് ചെയ്തത്. ആ രീതിയിൽ രജിസ്റ്റർ ചെയ്ത ബാങ്കുകളുണ്ട്. അങ്ങനെയാണ് സുൽത്താൻ ബത്തേരി, കുട്ടനാട്, കൊടുങ്ങല്ലൂർ, റാന്നി, കൊച്ചി തുടങ്ങിയ ബാങ്കുകൾ രജിസ്റ്റർ ചെയ്തതിട്ടുള്ളത്. ഈ ഒറ്റ നിയമംകൊണ്ട് ആ ബാങ്കുകൾ മുഴുവൻ ഇല്ലാതാകുകയാണ്. ഏകദേശം 20 കോടിയിൽപ്പരം രൂപ ഈ ബാങ്കുക ളിൽ നിന്നും ലോൺ കൊടുത്തിട്ടുണ്ട്. ഈ കാശ് എങ്ങനെ ആരിൽനിന്ന് ഈടാക്കും? ഇത് തിരിച്ചുപിടിക്കാൻ നിവൃത്തിയില്ലാതിരി ക്കുകയാണ്. അതുപോലെതന്നെ രജിസ്റ്റർ ചെയ്ത ബാങ്കുകൾ വേറെയു മുണ്ട്. തിരൂരങ്ങാടി, നിലമ്പൂർ, കൊട്ടാരക്കര, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി എന്നീ രജിസ്റ്റർ ചെയ്ത ബാങ്കുകൾക്ക് വായ്പ കൊടുത്തിട്ടില്ല. ഈ ഒരൊറ്റ നിയമംകൊണ്ട് 17 താലൂക്ക് കാർഷിക വികസന ബാങ്കുകളെ അരിഞ്ഞരിഞ്ഞ് വീഴ്ത്തി. അതാണ് നടന്നിരിക്കുന്നത്. 12 വർഷംമുമ്പ് രജിസ്റ്റർ ചെയ്ത ബാങ്കുകളും ഇതിൽപ്പെട്ടിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. കെ. ശിവദാസൻ നായർക്കും എനിക്കു

മൊക്കെ അറിയാവുന്ന കാര്യമാണ്. അന്ന് നബാർഡ് കൊടുക്കുന്ന വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി വച്ചിരുന്നു. അന്നത്തെ എൽ.ഡി.എഫ് സർക്കാർ ആ സർക്കാർ ഗ്യാരന്റി 1998-ൽ എടുത്തുകളഞ്ഞു. 2001- ൽ യു.ഡി.എഫ് ഗവൺമെന്റ് വന്നപ്പോൾ ഗ്യാരന്റി കൊടുക്കണമെന്ന് പറഞ്ഞു. അങ്ങനെ വന്നപ്പോൾ ഗ്യാരന്റി കമ്മീഷൻ കൊടുക്കുന്നതിന് ഒരു പാട് പണം ആവശ്യമായി വന്നു. അങ്ങനെ സംസ്ഥാന കാർഷിക വികസന ബാങ്ക് തകർന്ന് തരിപ്പണമായ സന്ദർഭത്തിൽ എൽ.ഡി.എഫ് ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ ഇതിന്റെ മുഴുവൻ പലിശയും കണക്കാക്കി, പലിശയില്ലാത്ത വായ്പ കൊടുത്ത് ആ ബാങ്കിനെ രക്ഷിച്ചതുകൊണ്ടാണ് ഈ ബാങ്ക് ഇപ്പോൾ നിലനില്ക്കുന്നത്. അല്ലെങ്കിൽ തകർന്ന് തരിപ്പണമായിപോകുമായിരുന്നു. അങ്ങനെ ബാങ്കുകൾ വീണ്ടും നല്ല രീതിയിൽ പ്രവർത്തിക്കാൻ രംഗത്തുവന്ന അവസരത്തിലാണ് യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ ബാങ്ക് പിടിച്ചെടുക്കുന്നതിനുള്ള പരിപാടിയാണ്. അതുപോലെ ഒരു ഓർഡിനൻസ് കൊണ്ടുവരുമ്പോൾ ഇന്നതുകൊണ്ടാണ് ഈ ഓർഡിനൻസ് കൊണ്ടുവരുന്നത് എന്നുള്ള ചില ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടാകും. അത് ഇതിനകത്തില്ല. ഇത് പരിശോധിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാകും. അതുപോലെ ഒരു സഹകരണ സ്ഥാപനം വൈൻഡപ്പ് ചെയ്യുമ്പോൾ ഒരു ലികിഡേറ്റർ ഉണ്ടാകണം, പക്ഷേ അതില്ല. ഒരു ഓഫീസറെ നിയമിക്കുന്നു. ആ ഓഫീസർ വന്ന് അസ്സെറ്റ്സ് ആന്റ് ലൈബിലിറ്റീസ് തിട്ടപ്പെടുത്തി

പിരിച്ചു വിടുന്നു. അതിനുവേണ്ടിയുള്ള നിയമമാണ് കൊണ്ടുവന്നിരിക്കുന്നത്. അല്ലാതെ വേറൊന്നുമല്ല. ഞാൻ വേറൊന്നും പറയുന്നില്ല വൈദ്യനാഥൻ എന്ന ആളിനെ ഈ രാജ്യത്തെ സഹകരണ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ചു. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയാണ് ഇവിടെ ആ റിപ്പോർട്ട് നടപ്പാക്കാൻ പറ്റില്ലായെന്ന് ആദ്യം പറഞ്ഞത്. ഞാൻ ഈ രംഗത്ത് വളരെക്കാലമായി പ്രവർത്തിക്കുന്ന ആളായതുകൊണ്ട് പറയുന്നതാണ്. ഇവിടത്തെ ക്രെഡിറ്റ് മേഖലയെ തകർക്കുന്നതാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും സഹകരണ രംഗത്ത് ദീർഘകാലമായി പ്രവർത്തിക്കുന്നവരാണ്. തിരുവനന്തപുരത്തും എറണാകുളത്തും നടന്ന സഹകരണ കോൺഗ്രസ്സുകളിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുകയും ജില്ലാ സഹകരണ ബാങ്കുകളിൽ നടപ്പാക്കിയ ജനാധിപത്യ സംവിധാനം അംഗീകരിക്കുകയും ചെയ്തതാണ്. അതിന് കടകവിരുദ്ധമായിട്ടാണ് സഹകാരി കൂടിയായ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ രാമായണ മാസത്തിൽ ഇങ്ങനെ ഒരു കൊടുംപാതകം ബഹുമാനപ്പെട്ട മന്ത്രി ചെയ്യുന്നത് തികച്ചും ........ (മൈക്ക് ഓഫ്)..........

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാനൊരിക്കലും ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറയുകയില്ല. അദ്ദേഹം തടവിലാ

ണ്. അപ്പുറത്തും ഇപ്പുറത്തും പിടിക്കുകയാണ്. അദ്ദേഹത്തെ എനിക്ക് വർഷങ്ങളായി അറിയാം. ഈ നിയമം കുറ്റമറ്റതാക്കണമെങ്കിൽ......... അതിനെ കുറിച്ചൊക്കെ ധാരാളം കാര്യങ്ങൾ സംസാരിക്കാനുണ്ട്.........

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഈ നിയമം വെറുതെ പാസ്സാക്കിയാൽ മതിയോ; അങ്ങനെയാണെങ്കിൽ ഞാൻ ഇരിക്കാം.

മി. സ്പീക്കർ: അങ്ങ് ഇരുന്നാൽ ഞാൻ അടുത്ത ആളിനെ വിളിക്കും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഇതിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. കാര്യം പറയുമ്പോൾ ഇഷ്ടപ്പെടില്ലാന്നറിയാം.

മി. സ്പീക്കർ: ഒരു മിനിട്ട്. അങ്ങ് ബഹളം വയ്ക്കാതെ, ഞാനൊന്ന് പറയട്ടെ. നിങ്ങൾ സഭയിൽ ആദ്യമായിട്ട് വന്നതല്ലല്ലോ. ഞാനൊന്ന് പറയട്ടെ. ഡിസന്റ് രേഖപ്പെടുത്തിയ രണ്ട് പേരിൽ ഒരാളാണ് അങ്ങ്. സഭയുടെ കീഴ്‌വഴക്കമനുസരിച്ച് ഡിസന്റ് രേഖപ്പെടുത്തി സംസാരിക്കാനുള്ള സമയം 10 മിനിട്ടാണ്. പിന്നെ.......... ഞാൻ പറയട്ടെ..... പ്ലീസ്... നിങ്ങൾ എന്നെ ഓർമ്മപ്പെടുത്തണ്ട. ഞാൻ പറയാൻ കാരണം, രണ്ട് മണിക്കൂർ ചർച്ച ചെയ്യാനുള്ള വേറെ വിഷയം രണ്ടെണ്ണംകൂടി എടുക്കാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് പറയാനുള്ളതെല്ലാം പറയാം. പക്ഷേ

ഈയൊരു വേഷം സഭയിൽ എടുക്കാൻ സാദ്ധ്യമല്ല. അങ്ങ് ദയവ് ചെയ്ത് ഒരു മിനിട്ടുകൂടി എടുത്ത് ഇതൊന്ന് കൺക്ലൂഡ് ചെയ്യൂ. പ്ലീസ്.......

(ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: യഥാർത്ഥത്തിൽ ഒരു ബിൽ നിയമസഭയിൽ ചർച്ച ചെയ്യുമ്പോൾ.........

മി. സ്പീക്കർ: ആ ബിൽ ക്ലാസ് ബൈ ക്ലാസ് ആയി ചർച്ച വരുന്നുണ്ട്. ഒരാൾ എണീറ്റുനിന്ന് അവസാനം വരെ സംസാരിച്ചുകൊണ്ട് നിൽക്കാൻ പറ്റുമോ; അതല്ലല്ലോ ഒരു ബില്ലിന്മേലുള്ള ചർച്ച.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഈ ബിൽ കുറ്റമറ്റതാകണം. അങ്ങനെ ആകണമെങ്കിൽ വിവിധ പ്രശ്നങ്ങൾ നമ്മൾ ചർച്ച......

മി. സ്പീക്കർ: യെസ്........ യെസ്....... ചർച്ച വരുന്നുണ്ട്. ഭേദഗതികൾ അംഗങ്ങൾ കൊടുത്തിട്ടുണ്ട്. അത് അവതരിപ്പിക്കുന്നവർ സംസാരിക്കും. അങ്ങ് ഡിസന്റാണ് പറയുന്നത്. അങ്ങയുടെ വാക്ക് ഒന്ന് അവസാനിപ്പിക്കൂ. പ്ലീസ്............പ്ലീസ്..........

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ഞാൻ പറയാം, ശ്രീ. ഉമ്മൻ ചാണ്ടിയാണ് വൈദ്യനാഥൻ കമ്മിറ്റി ഇവിടെ പറ്റില്ലായെന്ന് ആദ്യം പറഞ്ഞത്. കേരളത്തിലെ ക്രെഡിറ്റ് മേഖലയെന്ന് പറഞ്ഞത് ഇവിടത്തെ ഏറ്റവും ബൃഹത്തായ ഒരു വലിയ കൃഷിക്കാരന്റെ പണം വാങ്ങിക്കുന്ന വായ്പാ മേഖലയാണ്. ആ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ശരിയാകില്ല എന്നാണ് പറഞ്ഞത്. എന്താണ് സംഗതി? രജിസ്ട്രാറുടെ കയ്യിലുള്ള വായ്പാമേഖലയും

റിസർവ്വ് ബാങ്കിന്റെ കയ്യിലുള്ള ബാങ്കിംഗ് മേഖലയും - ഇത് രണ്ടും കൂടി ചേർന്നുകൊണ്ടാണ് ഇവിടത്തെ സഹകരണ സംഘങ്ങൾ പോകുന്നത്. പ്രധാനപ്പെട്ട ബാങ്കിന്റെ ഭരണം..... ഞാൻ കൂടുതൽ ഒന്നും പറയുന്നില്ല. രണ്ടു പോയിന്റേ പറയുന്നുള്ളു. ഈ രണ്ടു മേഖലയും കൂടി ഒന്നിച്ച് വരുന്നതാണ് കേരളത്തിലെ  സഹകരണ പ്രസ്ഥാനം. ഈ പ്രസ്ഥാനം ഒന്നിച്ചു പോകണം. നിങ്ങൾ ഒപ്പിട്ടാൽ 1600 കോടി രൂപ തരാം എന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞു. എന്നാൽ കേരളം ഒപ്പിട്ടില്ല. ശ്രീ. എം.വി. രാഘവനും ശ്രീ. ജി. സുധാകരനും ഒപ്പിട്ടില്ല. ശരിയാണ്. എന്നാൽ ഇപ്പോൾ ഒപ്പിടട്ടേ, അദ്ദേഹം ഒപ്പിടില്ല. ഈ രംഗം നശിച്ചുപോകുന്നു എന്ന് നിശബ്ദനായി കരയുന്നവനാണ്. എനിക്ക് വർഷങ്ങളായി അറിയാം. ഈ ക്രെഡിറ്റ് മേഖലയും ബാങ്കിംഗ് മേഖലയും ഒന്നിച്ച് പോകാനുള്ള ഏർപ്പാട് ഇവിടെ ഉണ്ടാകണം. മന്ത്രിയായിരുന്ന സമയത്ത് ശ്രീ. ജി. സുധാകരനും ഞാനും അതുപോലുള്ള ആളുകളുമായി ചേർന്നുകൊണ്ട് കേന്ദ്രമന്ത്രിയെ കണ്ടപ്പോൾ എന്താണ് പറഞ്ഞത്? കേരളത്തിന്റെ പ്രത്യേക പ്രശ്നമാണ്, ഇത് പ്രത്യേകം പരിഗണിക്കണം എന്നാണ്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നിങ്ങൾ നടപ്പിലാക്കുമ്പോൾ ബാക്കിയെല്ലാ കാര്യങ്ങളും ഞാൻ നടപ്പിലാക്കിയിരിക്കുന്നു, രജിസ്ട്രാറുടെ അധികാരമുണ്ട്, രജിസ്ട്രേഷൻ കൊടുക്കുന്നതും ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാനുള്ള ആഡിറ്റും ഒഴികെ ബാക്കിയെല്ലാം നമ്മൾ അംഗീകരിച്ചിരിക്കുന്നു എന്നാണ് പറഞ്ഞത്. അപ്പോൾ അതുകൊണ്ട് ഞാൻ കൂടുതലായി അതിനെപ്പറ്റി പറയുന്നില്ല.

ഇതു വന്നാൽ ചെക്കെന്നോ ബാങ്ക് എന്നോ പറയാൻ പറ്റില്ല. അങ്ങനെയൊരു സ്ഥിതി വരും. സഹായം വാങ്ങിച്ച കർണ്ണാടകയിലും ആന്ധ്രയിലുമൊക്കെ ഞങ്ങൾ പോയി. അവരൊക്കെ എങ്ങനെയെങ്കിലും അതൊന്ന് തിരിച്ചുകൊടുക്കണമെന്നാണ് പറയുന്നത്. ആയിരത്തറുനൂറ് പ്രൈമറി സംഘങ്ങളും സംസ്ഥാന സഹകരണ ബാങ്ക്, ഒരു ബാങ്ക് ഒഴിച്ച് ബാക്കി- കാർഷിക വികസന ബാങ്ക് - ഇവയെല്ലാം എൽ.ഡി.എഫിനാണ്. നമ്മളിപ്പോൾ സുഹൃത്തുക്കളാണല്ലോ. ഞാൻ ചോദിച്ചു എന്താണ് ഈ പരിപാടി നിങ്ങൾ കാണിച്ചത്? സംസ്ഥാന സഹകരണ ബാങ്കും കാർഷിക ബാങ്കും യൂണിയനുമില്ലാതെ എന്താണ് സഹകരണത്തിന്റെ ഭരണം? പേര് വെളിപ്പെടുത്താൻ പാടില്ലാത്തതാണ്. ഇവർ പറഞ്ഞതാണ്. അതാണ് ഇതിന്റെ പുറകെയുളളത്. സഹകരണ ബാങ്ക് ഇതൊക്കെ പിടിക്കാതെ ഈ സഹകരണ വകുപ്പിന്റെ എന്ത് ഭരണമെന്നുളളതാണ്. എപ്പോഴെല്ലാം യു.ഡി.എഫ്. അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ ഓർഡിനൻസും കൊണ്ട് വന്നിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങേയ്ക്ക് 6 മിനിട്ട് അധികം കിട്ടി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ 1992 -ൽ കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റ് ആയിരുന്നു. എല്ലാം കറക്ടാണ്. എറണാകുകളത്തുപോയി തിരികെ വന്നപ്പോൾ ഞാൻ പ്രസിഡന്റ് അല്ല. അവർ എന്നെ പിരിച്ചുവിട്ടു. കാലാവധി അഞ്ചുകൊല്ലമെന്നത് മൂന്നു കൊല്ലമാക്കി. അതാണ് ആവശ്യം. പ്രൈമറി സംഘങ്ങൾക്കുളള വോട്ടവ

കാശം മാറ്റി എല്ലാ സംഘങ്ങൾക്കും കൊടുക്കുകയെന്നുള്ളതാണ് ഇപ്പോൾ വേണ്ടത്. കൃഷിക്കാരുടെ ബാങ്കാണ് അപ്പെക്സ് ബാങ്ക്. മിൽമയ്ക്കും കൈത്തറിക്കാർക്കും ഹാന്റക്സും കയർ സംഘങ്ങൾക്കും ഹൗസിംഗിനും കൺസ്യൂമറിനും ഇങ്ങനെ എല്ലാവർക്കും അപ്പെക്സ് ബാങ്കുണ്ട്. കൃഷിക്കാരന്റെ ബാങ്ക് എന്നുപറയുന്നത് സംസ്ഥാന സഹകരണ ബാങ്കാണ്. കൃഷിക്കാരോട് ഈ ഗവൺമെന്റ് കാണിക്കുന്നത് നെറികേടാണ്. ഡെപ്പോസിറ്റർമാർക്ക് രണ്ട് പുതിയ നിയമമാണ്.

<u>മി. സ്പീക്കർ:</u> യെസ്..........ഏഴ് മിനിട്ട് കഴിഞ്ഞു. 8 മിനിട്ട് അധികമാണ്. പ്ലീസ്......യെസ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> സർ, ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുന്ന അവസരത്തിലാണ് വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ മേഖല പ്രഖ്യാപിച്ചത്. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് എന്താണ് പറഞ്ഞത്? സ്വാശ്രയ രംഗത്ത് കോളേജുകൾ 50:50 എന്നുള്ള രീതിയിൽ വന്നാൽ കൊള്ളാമല്ലോ എന്ന് വിചാരിച്ചിട്ടാണ് എന്നിട്ടും അത് കച്ചവടമായി. എൽ.ഡി.എഫ് ഗവൺമെന്റ് കേപ് ഉണ്ടാക്കി. അതുപോലെ കേരള യൂണിവേഴ്സിറ്റി ഒരു എഞ്ചിനീയറിംഗ് കോളേജ് നടത്തുന്നുണ്ട്. പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് ഒരു ബാങ്ക് നടത്തുന്നുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് സീമാറ്റ് നടത്തുന്നുണ്ട്. എറണാകുളം ജില്ലാ .......... എന്താ അവിടത്തെ സ്ഥിതി? ഈ സർക്കാർ നിശ്ചയിക്കുന്ന ഫീസ് മറ്റ് ക്യാപിറ്റേഷൻ ഫീസുമില്ല. ആ രീതി

യിൽ നടത്തികൊണ്ടിരിക്കുന്ന മേഖലയിലെ അതിനെ തകർത്തിരിക്കുകയാണ്. ഇവിടെ സംസ്ഥാന സഹകരണ ബാങ്ക്, സീമാറ്റ് എന്നുപറഞ്ഞൊരു ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. അതിനെ തകർത്തിരിക്കുകയാണ്. അതിന് ഷാഡ്വെൽ എന്നുപറയുന്ന കമ്പനി 5 കോടി രൂപ ചെലവാക്കി. ഞാൻ പ്രസിഡന്റായിരുന്നു........

മി. സ്പീക്കർ: ഈ സെന്റൻസ് ഒന്ന് പറഞ്ഞ് അവസാനിപ്പിക്കുമോ? നോ....നോ......അങ്ങേയ്ക്ക് 10 മിനിട്ടിലധികം തന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. 5 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിൽ ചെലവാക്കി. അത് കഴിഞ്ഞ് ആ സ്ഥലത്ത് ബിൽഡിംഗ് കെട്ടി അതിന്റെ പ്രവർത്തനവും തുടങ്ങി. ഇപ്പോൾ എന്താണ് സ്ഥിതിയെന്ന് അറിയാമോ? ആ സ്ഥാപനത്തെ നിറുത്താൻ പോകുകയാണ്. ഷാഡ്വെൽ കമ്പനിയ്ക്ക് പാട്ടത്തിന് കൊടുക്കാൻ വേണ്ടി പോകുകയാണ്. അവിടത്തെ എം.ഡി. .......... അവിടെ എം.ഡി. മാർ ധാരാളം ഉണ്ട്. അവിടത്തെ ലിഫ്റ്റ് ഇളക്കി വിട്ട എം.ഡി. മാർ അവിടെ ഉണ്ടായിരുന്നു. ഈ മന്ത്രിക്ക് അറിയില്ല.

മി. സ്പീക്കർ: അങ്ങ് ദയവുചെയ്ത് പ്രസംഗം അവസാനിപ്പിക്കു. മൈക്ക് ഓഫ് ചെയ്യിപ്പിക്കരുത്. പ്ലീസ്....... പ്ലീസ്..........

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അയാളുടെ മകൻ ഷാഡ്വെൽ-ൽ പഠിക്കുന്നു. ആ മകനെ ഇവിടെ കൊണ്ടുവരാൻ

വേണ്ടി ഷാഡ്വെൽ-ന് വിൽക്കുകയാണ്. അങ്ങനെ നിരവധി ക്രമേക്കടുകളാണ് ഇവിടെ വന്നിരിക്കുന്നത്. അവിടെ ഇതുവരെ ശമ്പളം കൊടുത്തിട്ടില്ല. സീമാറ്റിൽ കഴിഞ്ഞ മാസത്തെ ശമ്പളം ഇതുവരെയും കൊടുത്തിട്ടില്ല.

മി. സ്പീക്കർ: 10 മിനിട്ട് അങ്ങേയ്ക്ക് അധികം തന്നു. നോ...... നോ........ അങ്ങനെയൊക്കെ ഉണ്ട്. ഇതൊക്കെ സഭയ്ക്ക് ചേർന്ന പെരുമാറ്റമല്ല. നിങ്ങൾ ഇത് പലതവണ ആവർത്തിച്ചിട്ടുണ്ട്. നിങ്ങളുടെ സീനിയോരിറ്റിയെയാണ് ഞാൻ ബഹുമാനിക്കുന്നത്. അങ്ങ് ഒരു സഹകാരിയായതുകൊണ്ടാണ് അധികം മിനിട്ട് തന്നത്. എന്താണ് ഇത്? യെസ്........ യെസ്............ അങ്ങ് എന്തുപറഞ്ഞാലും അങ്ങേയ്ക്ക് 10 മിനിട്ട് അധികം തന്നു. പ്ലീസ്........ പ്ലീസ്..........ഇത് എപ്പോഴുമുള്ളതാണ്. അതൊന്നും ശരിയല്ല. പേപ്പർ ഒന്നും വലിച്ച് കീറാൻ പാടില്ല. അതൊക്കെ ചട്ടവിരുദ്ധമാണ്. വലിച്ചെറിഞ്ഞല്ലോ. ഇതൊന്നും ശരിയല്ല. ശക്തമായ ഭാഷയിൽ പറഞ്ഞിട്ട് ഇരിക്കണം. ഒന്നും കൂടി ഞാൻ പറയാം. അങ്ങ് കേരളത്തിലെ പ്രമുഖനായ ഒരു സഹകാരിയായതുകൊണ്ടാണ് ശ്രീ. കെ. കെ. നാരായണന് 7 മിനിട്ട് സംസാരിച്ചിടത്ത് അങ്ങ് 20 മിനിട്ട് സംസാരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ ജനാധിപത്യ ധ്വംസനം നടത്തിയെന്നൊക്കെ പറഞ്ഞു. ശ്രീ. ടി. കെ. രാമകൃഷ്ണന്റെ കാലത്ത് കൊണ്ടുവന്ന ഭേദഗതിയിലൂടെയാണ് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും എൽ.ഡി.എഫ് പിടിച്ചത്. 1991-ലെ ഭേദഗതിയിലൂടെ അന്നത്തെ യു.ഡി.എഫ് ഗവൺമെന്റ് പഴയ രീതിയിലേയ്ക്ക് കൊണ്ടുവന്നു. അല്ലാതെ ഞങ്ങൾ പിടിച്ചെടുത്തിട്ടില്ല. നിങ്ങൾ ചെയ്ത ഒരു തെറ്റ് 1992-ൽ ഞങ്ങൾ തിരുത്തിയെന്ന് മാത്രമേയുള്ളൂ. ഞങ്ങളിവിടെ ജനാധിപത്യ സംവിധാനത്തെ തകർത്തു, അതിനുവേണ്ടി കൊണ്ടുവന്ന ഓർഡിനൻസാണെന്ന് ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞു. എല്ലാത്തരം പ്രാഥമിക സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം കൊടുക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 2008-ലെ ഭേദഗതിയനുസരിച്ചും എല്ലാത്തരം ബാങ്കുകൾക്കും അംഗത്വം കൊടുത്തിരുന്നു. പക്ഷേ ഒരു വിഭാഗം സഹകരണ സംഘങ്ങൾക്ക് വോട്ടവകാശം കൊടുത്തിരുന്നില്ല. ഇപ്പോൾ എല്ലാത്തരം സഹകരണ സൊസൈറ്റികൾക്കും അംഗത്വം കൊടു

ക്കുകയും അവർക്ക് വോട്ടവകാശം കൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ വകുപ്പ് 18-ൽ ആശുപത്രി സൊസൈറ്റിയുള്ളവർക്ക് കൊടുത്തിരുന്നു. അത് ഞങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഞങ്ങൾ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന, ജനങ്ങൾ ക്രയവിക്രയം നടത്തുന്ന കാർഷിക, ക്രെഡിറ്റ് ബാങ്കുകളടക്കം എല്ലാ സൊസൈറ്റികൾക്കും ജില്ലാ ബാങ്കിൽ അംഗത്വം കൊടുക്കുന്നു. നിങ്ങൾ നിയമവിരുദ്ധമായി ചെയ്ത ഒരു കാര്യം ഞങ്ങൾ നിയമവിധേയമാക്കുന്നു, താലൂക്കുകളിൽ ഒരു ബാങ്ക് മതിയെന്ന രീതിയിലേയ്ക്ക് ഈ നിയമം കൊണ്ടുവരികയാണ്. അതാണ് ഒരു ഭേദഗതി. നിങ്ങൾ ഒരു ജൂറിസ്ഡിക്ഷനും നോക്കാതെ ഒരു താലൂക്കിൽ പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ പരിധിയിൽ നിങ്ങൾക്കിഷ്ടമുള്ള നിരവധി ബാങ്കുകൾക്ക് രജിസ്ട്രേഷൻ കൊടുത്തപ്പോൾ ഞങ്ങൾ ഒരു താലൂക്കിൽ ഒരു കാർഷിക ബാങ്ക് എന്ന രീതിയിലേയ്ക്ക് മാറ്റുകയും മറ്റുള്ളത് ബൈഫർക്കേറ്റ് ചെയ്ത് ഒരു താലൂക്കിൽ ഒന്നാക്കി മാറ്റുകയുമാണ് ചെയ്യുന്നത്. അതിലെന്താണ് തെറ്റുള്ളത്? നിങ്ങൾ താലൂക്കിലെ കാർഷിക വികസന ബാങ്കിന്റെ അധികാരങ്ങൾ കൈയേറി അവിടെ വേറെ ബാങ്ക് രജിസ്റ്റർ ചെയ്ത് അവർക്ക് വോട്ടവകാശം കൊടുത്തുവെങ്കിൽ ഞങ്ങളിപ്പോൾ ഒരു താലൂക്കിൽ ഒരു ബാങ്കായി ബൈഫർക്കേറ്റ് ചെയ്യുകയാണ്. ബൈഫർക്കേറ്റ് ചെയ്യാതിരിക്കുന്ന ബാങ്കുകളുടെ അസറ്റ്സ് ആന്റ് ലയബിലിറ്റീസ് ഒരു സ്പെഷ്യൽ ഓഫീസറെ വച്ച് ഫിക്സ് ചെയ്യുന്നു. അങ്ങനെ അസറ്റ്സ് ആന്റ് ലയബിലിറ്റീസ് ഫിക്സ് ചെയ്യാത്തവർക്കെതിരായിട്ടാണ് നടപടികളു

മായി മുന്നോട്ടുപോകുന്നത്. ......(ബഹളം)...... പുതിയ നിയമം വഴി ഇത് എല്ലാ ബാങ്കിനും ബാധകമാകും.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് കേരളത്തിലുള്ള എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കിനും ബാധകമാക്കണ്ടേ? എന്നാൽ നിങ്ങൾ അധികാരത്തിലുള്ള ബാങ്കുകൾക്കൊന്നും ഇത് ബാധകമാക്കിയിട്ടില്ല. ശ്രീ. കെ. ശിവദാസൻ നായർ കാർഷിക വികസന ബാങ്ക് ഭരിച്ച് പരിചയമുള്ളയാളാണ്. ചില ബാങ്കുകളുടെ നിലനിൽപ്പിനുവേണ്ടി കാർഷിക മേഖല കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ചില ബാങ്കുകളെ പ്രൊട്ടക്ട് ചെയ്തത്. നമ്മൾ ഇത് ഇവിടിരുന്ന് ചർച്ച ചെയ്താൽ ശരിയാവില്ല. അത് ശ്രീ. കെ. ശിവദാസൻ നായർക്കറിയാം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, എന്റെ പേര് മെൻഷൻ ചെയ്തതുകൊണ്ട് ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ. ശ്രീ. ഇ. പി. ജയരാജൻ, കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതി പിടിച്ചെടുക്കുന്നതിനുവേണ്ടി നിലവിലുണ്ടായിരുന്ന ബാങ്കുകളുടെ ഏരിയ ഓഫ് ഓപ്പറേഷനകത്തുതന്നെ നബാർഡും കോടതിവിധിയും അസറ്റ്സ് ആന്റ് ലയബിലിറ്റീസ് ബൈഫർക്കേറ്റ് ചെയ്തുമാത്രമേ പുതിയ ബാങ്ക് തുടങ്ങാവൂ എന്ന് പറഞ്ഞിട്ടും അത് വകവയ്ക്കാതെ നിങ്ങൾ ഇഷ്ടംപോലെ നിങ്ങളുടെ ആളുകളെവച്ച് പുതിയ ബാങ്കുകൾ രജിസ്റ്റർ ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത്തരത്തിലുള്ള ബാങ്കുകളുടെ രജിസ്ട്രേഷൻ അസാധുവാക്കി അസറ്റ്സ് ആന്റ് ലയബിലിറ്റീസ് നബാർഡ്-ന്റെ നിർദ്ദേശ

പ്രകാരം ബൈഫർക്കേറ്റ് ചെയ്യാൻ തീരുമാനിച്ചതാണ് ഈ നിയമത്തിന്റെ അടിസ്ഥാനം എന്ന കാര്യം മറന്നുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങ് പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ, അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ഞങ്ങളിവിടെ ചെയ്യുന്നത് നിയമവിധേയമായിട്ടാണ്. നിങ്ങൾ നിയമവിരുദ്ധമായി സഹകരണ സംഘങ്ങൾ മസിൽ പവറുപയോഗിച്ച് പിടിച്ചെടുത്ത കാലഘട്ടമുണ്ടായിട്ടില്ലേ. മലബാറിൽ നടന്ന സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ ഐഡന്റിറ്റി കാർഡ് പോലും വ്യാജമായി അച്ചടിച്ച് യഥാർത്ഥ കാർഡുമായി വോട്ട് ചെയ്യാൻ വന്നവരെ ഓടിച്ചില്ലേ. എന്തെല്ലാം വാർത്തകളാണ് വന്നിട്ടുള്ളത്? ഞാൻ ഇയാളുടെ ഭാര്യയാണ് എന്നുപറഞ്ഞ് വോട്ട് ചെയ്ത സംഭവം പത്രങ്ങൾ റിപ്പോർട്ട് ചെയ്തില്ലേ. ......(ബഹളം)...... ഞാൻ ആരെയും ആക്ഷേപിച്ചില്ല. അന്നത്തെ പത്രങ്ങളിൽ വന്ന വാർത്ത വായിച്ചതാണ്. അതുപോലെ സെക്ഷൻ 28-ലെ അമന്റ്മെന്റനുസരിച്ച് ജില്ലാ ബാങ്കിൽ വിവിധ തരത്തിലുള്ള പ്രാതിനിധ്യം ഉറപ്പാക്കലാണ്. എനിക്കൊരു അഭ്യർത്ഥനയുള്ളത്, മന്ത്രിയുടെ അമെന്റ്മെന്റ് വന്നു, വ്യക്തിഗത ഡെപ്പോസിറ്റേഴ്സിനുപകരം ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് സമാഹരിക്കുന്ന സംഘങ്ങൾക്ക്, സ്ഥാപനങ്ങൾക്ക് ആ സീറ്റ് ഉറപ്പാക്കേണ്ടതാണ്. ഉദാഹരണത്തിന് നമ്മുടെ ബഹുമാനപ്പെട്ട അംഗം തോമസ് ചാണ്ടിക്ക് വേണമെങ്കിൽ 10 കോടിയിട്ടാൽ ...... ആ അർത്ഥത്തിലല്ല പറഞ്ഞത്. മറിച്ച്

വിവിധ ഇൻസ്റ്റിറ്റ്യൂഷനുകൾ സമാഹരിക്കുന്ന ഡെപ്പോസിറ്റേഴ്സിന്റെ പേരിൽ അവിടെ പ്രാതിനിധ്യം ഉറപ്പാക്കണം. Two seats for professionals and people with banking experience. നല്ല കാര്യമാണ്. നമ്മുടെ സഹകരണ ബാങ്കുകളിൽ പ്രൊഫഷണലിസം കൊണ്ടുവരണം. നമ്മൾ എതിർത്താലും ഇല്ലെങ്കിലും ന്യൂ ജനറേഷൻ ബാങ്കുകൾ നമ്മുടെ നാട്ടിലേയ്ക്ക് വരികയാണ്. അവർ ഒരു ഭാഗത്തേയ്ക്ക് പോകുമ്പോൾ സാധാരണക്കാരന്റെ അത്താണിയായി സഹകരണബാങ്കുകൾ മാറണമെന്നുണ്ടെങ്കിൽ അവിടെ പ്രൊഫഷണലിസം കൊണ്ടുവരണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, സാധാരണക്കാരന്റെ അത്താണിയായി സഹകരണ സ്ഥാപനങ്ങൾ മാറണമെന്ന് അങ്ങ് പറയുന്നത് ശരിയാണ്. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കാൻ, പ്രത്യേകിച്ച് കൃഷിക്കാരന് വായ്പയെടുക്കാൻ, ജില്ലാ സഹകരണ ബാങ്കുകൾ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം തന്നെയാണ്. റബ്കോ 375 കോടി രൂപയാണ് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നുമായി കടമെടുത്തത്. അത് എൻ.പി.എ. ആയതിനാൽ നബാർഡ് കുറഞ്ഞ പലിശക്ക് കൃഷിക്കാർക്ക് കൊടുക്കേണ്ട ജില്ലാ ബാങ്കുകൾക്കുള്ള വായ്പ നൽകുന്നില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതോടൊപ്പം സാധാരണ ഒരു കൃഷിക്കാരൻ 50,000/1,00,000 രൂപ സഹകരണ ബാങ്കിൽനിന്ന് വായ്പയെടുത്താൽ

അത് തിരിച്ചുപിടിക്കാൻവേണ്ടി ജപ്തിയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കൃഷിക്കാരനെ ബുദ്ധിമുട്ടിപ്പിക്കും. ഞാനൊരു സഹകരണ സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്ന, സഹകരണ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന ആളാണ്. അതുകൊണ്ട് റബ്കോയെപ്പോലൊരു സ്ഥാപനം 375 കോടിയോളം രൂപ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ കേരളത്തിലെ കൃഷിക്കാർക്ക് നബാർഡ് കൊടുക്കേണ്ട കുറഞ്ഞ നിരക്കിലുള്ള വായ്പ കൊടുക്കുന്നില്ല, റബ്കോയുടെ പേരിൽ നടപടിയുമില്ല. എന്നാൽ കൃഷിക്കാരന്റെ പേരിൽ നടപടിയെടുക്കുകയും ചെയ്യും. ഇത് ശരിയല്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റബ്കോയെപ്പോലുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടതല്ലേ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: തീർച്ചയായും.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, .............

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ഞാൻ തീർച്ചയായും അങ്ങേയ്ക്ക് വഴങ്ങാം. ഒന്നു പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ പറഞ്ഞത് വളരെ ശരിയാണ്. റബ്കോയെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ ഈ സഭയിലും പുറത്തും വന്നിട്ടുണ്ട്. അടിയന്തരപ്രമേയവും വന്നിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ നടന്ന ചർച്ചയുടെ പൊതുവായ വികാരം റബ്കോയുടെ കാര്യത്തിൽ ഉൾക്കൊള്ളുമെന്നാണ് എന്റെ പ്രതീക്ഷ. ഞാൻ റബ്കോയ്ക്ക് എതിരായി പറയുന്നതല്ല. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞതുപോലെ 375 കോടി രൂപയോള

മാണ് ബാധ്യതയുള്ളത്. ഇത് എവിടെപ്പോയി നിൽക്കും? സഹകരണ ബാങ്കുകൾ ഇപ്പോൾ പലിശ ഒഴിവാക്കിക്കൊടുത്തുകൊണ്ടുള്ള ഒരു പുതിയ പദ്ധതി കൊണ്ടുവന്നിരിക്കുന്നു. റബ്കോയെപ്പോലുള്ള വലിയ സ്ഥാപനമെന്നവകാശപ്പെടുന്നവർ എത്ര നില കെട്ടിടമാണ് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് റബ്കോയെപ്പോലുള്ള സൊസൈറ്റികളുടെ കാര്യത്തിൽ ഗവൺമെന്റിന് പുനർവിചിന്തനം ആവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, 350 കോടി രൂപയുടെ ബാധ്യത പറഞ്ഞല്ലോ. ആ സ്ഥാപനത്തിന് 3500-ൽപ്പരം കോടി രൂപയുടെ അസറ്റുണ്ട്. ഇവിടെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഒരു കൂറ്റൻ ബിൽഡിംഗ് കണ്ടിരുന്നു. ഒരു ബാങ്കിന് അതിന്റെ ബിസിനസ്സിന്റെ ഭാഗമായി കെട്ടിടം വേണ്ടിവരും. നിങ്ങൾ പെട്ടിക്കടപോലെ ഒരു ബാങ്ക് നടത്തിയാൽ ആരെങ്കിലും അത് ബാങ്കായി അംഗീകരിച്ച് അവിടെ ഡെപ്പോസിറ്റ് ചെയ്യുമോ? സഹകരണ മേഖലയെക്കുറിച്ച് നമുക്കുള്ള താല്പര്യങ്ങൾ ആ സ്ഥാപനത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ളതായിരിക്കണം. ഇവിടെ ആർക്കെങ്കിലുമുള്ള എന്തെങ്കിലും വിരോധം തീർക്കാൻ റബ്കോയെക്കുറിച്ച് ആക്ഷേപങ്ങൾ പറഞ്ഞതുകൊണ്ട് കാര്യമില്ല. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, നിങ്ങൾ അവിടെ പോയി കണ്ട് മനസ്സിലാക്കിയതിനുശേഷം ഇത് സഭയിൽ ഉന്നയിക്കൂ. രാഷ്ട്രീയ വിരോധം വച്ചുകൊണ്ട് ആയിരത്തിൽപ്പരം ആളുകൾ

പണിയെടുക്കുന്ന ഒരു വലിയ സ്ഥാപനം തകർക്കാൻവേണ്ടി ശ്രമിക്കരുത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ശ്രീ. ഇ.പി. ജയരാജൻ അങ്ങനെ ധരിക്കുന്നത് ശരിയല്ല. ഞാൻ ഒരിക്കലും ആ ഇന്റൻഷനിൽ പറഞ്ഞതല്ല. ഞാൻ പറഞ്ഞത് പൊതുവായ കാര്യമാണ്. 375 കോടി രൂപയുടെ ലയബിലിറ്റിയുള്ള ഒരു സ്ഥാപനം 10-12 നില കെട്ടിടം ഉണ്ടാക്കുന്നത് എന്ത് ആവശ്യത്തിനാണ്?

ശ്രീ. വി.ഡി. സതീശൻ : സർ, റബ്കോയ്ക്ക് 3000 കോടി രൂപയുടെ അസറ്റുണ്ടെന്ന് മെമ്പർ, ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞു. അതുകൊണ്ട് 375 കോടി രൂപ സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തത് തിരിച്ചടയ്ക്കണ്ടെന്ന ന്യായമാണ് പറഞ്ഞത്. എനിക്ക് 50 കോടി രൂപ അസറ്റുണ്ടെന്ന് വയ്ക്കുക, ഞാൻ 5 കോടി രൂപ ബാങ്കിൽ നിന്നും വായ്പ എടുത്ത് നന്നായി സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നു. ഞാൻ 5 പൈസ ബാങ്കിൽ തിരിച്ചടയ്ക്കില്ലെന്ന് പറഞ്ഞാൽ എന്ത് ന്യായമാണ്. 50,000 രൂപ പാവപ്പെട്ടവൻ ലോൺ എടുത്ത് തിരിച്ചടച്ചില്ലെങ്കിൽ ജപ്തി ചെയ്യും. 375 കോടി രൂപ വായ്പയെടുത്തിട്ട് ആ പണം എന്തുചെയ്തു; അവിടെ അസറ്റ് ഉണ്ടാക്കിവച്ചിട്ട് ബാക്കി കാര്യങ്ങൾ എന്ത് ചെയ്തെന്ന് അന്വേഷിക്കണ്ടേ? പൈസ തിരിച്ചടയ്ക്കണ്ടേ? കർഷകർക്ക് പലിശ കുറച്ച് സബ്സിഡി നിരക്കിൽ ലോൺ കൊടുക്കാൻ നബാർഡ് തയ്യാറാകുന്നില്ല.

375 കോടി രൂപയുടെ നോൺ പെർഫോമിംഗ് അസറ്റാണ്. സംസ്ഥാനത്തിന്റെ സഹകരണ രംഗത്ത് 14 ശതമാനം എൻ.പി.എ. ആണ് റബ്കോയുടെ ലോൺ. എന്നിട്ടതിനെ ന്യായീകരിക്കുകയാണ്. ഇത് ശരിയാണോ?

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u> : സർ, റബ്കോയ്ക്ക് അസറ്റുണ്ടെന്നാണ് ശ്രീ. ഇ.പി. ജയരാജൻ പറയുന്നത്. റബ്കോയ്ക്ക് അതിമനോഹരമായ, ഒരു പക്ഷേ ന്യൂജനറേഷൻ ബാങ്കുകളെ ഞെട്ടിപ്പിക്കുന്ന രീതിയിലുള്ള എല്ലാ സൗകര്യവുമുള്ള കെട്ടിടമുണ്ട്. ഇത് റിയൽ എസ്റ്റേറ്റ് ബിസിനസ് ആണോ? കെട്ടിടത്തിന്റെ ഭംഗിയാണോ; 375 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും എടുത്തത് തിരിച്ചടക്കാത്തതുകാരണം ഈ നാട്ടിലെ പാവപ്പെട്ട കർഷകന് നബാർഡ് വായ്പ കൊടുക്കുന്നില്ല.

<u>മി. ചെയർമാൻ</u> : അത് ഉന്നയിച്ചുകഴിഞ്ഞതാണ്.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u> : സർ, ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. അതുകൊടുക്കുന്നതിനു പകരം ഇ.പി. ജയരാജൻ കെട്ടിടമുണ്ടെന്ന് പറയുന്നു. ഇതാണോ കമ്മ്യൂണിസവും സോഷ്യലിസവും. ഇതിനെയാണോ ന്യായീകരിക്കുന്നത്. .................(ബഹളം)................

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, .... (മൈക്ക് അനുവദിച്ചില്ല) ...................

<u>മി. ചെയർമാൻ</u> : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇല്ല. ഞാൻ വഴങ്ങുന്നില്ല. I want protection. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർക്ക് വഴങ്ങാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ സാധൂകരിച്ച് പറയുകയല്ല. സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് റബ്കോയ്ക്കുമാത്രമല്ല, ഹാൻടെക്സ്, റബ്ബർ മാർക്ക്, കയർഫെഡ് തുടങ്ങിയ വലിയ ഭീമന്മാർ ധാരാളംപേർ കൊടുക്കാനുണ്ട്. പക്ഷേ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അന്ന് 240 കോടി രൂപ ഗ്രാന്റായി കൊടുത്തു. അതാണ് ഇപ്പോൾ ബാങ്ക് നിൽക്കുന്നത്. എന്നാൽ ഈ ഗവൺമെന്റ് പിരിച്ചെടുക്കണ്ടെന്ന് ഞാൻ പറയുന്നില്ല. പിരിച്ചെടുക്കണം. മുഖം നോക്കാതെ പിരിച്ചെടുത്തിട്ടുള്ളവനാണ് ഞാൻ. പക്ഷേ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചില സംഗതികൾ ഉണ്ടായാലേ നടക്കൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കഴിഞ്ഞ ഗവൺമെന്റ് 240 കോടി രൂപ ഗ്രാന്റായി കൊടുത്തെന്ന് അങ്ങ് തന്നെ സമ്മതിച്ചല്ലോ. അത് ശരിയാണോ? ടാക്സ്പേയേഴ്സിന്റെ പണം ഇങ്ങനെ മിസ്-അപ്രോപ്രിയേഷൻ നടത്തുന്ന സൊസൈറ്റികൾക്ക് കൊടുക്കാനുള്ളതാണോ? അത് ശരിയാണോ? അതൊന്ന് ആലോചിക്കണ്ടേ? നമ്മുടെ സഹകരണ മേഖല നിലനിൽക്കണമെന്നാണ് ഞാൻ പറയുന്നത്. അതിനുപകരം മിസ്-അപ്രോപ്രിയേഷൻ നടത്തിയും ആഡംബരം നടത്തിയും ആവശ്യമില്ലാതെ കെട്ടിടങ്ങൾ പണിതും ഞങ്ങൾ അസറ്റുണ്ടാക്കിയെന്ന് പറയുന്നത് ശരിയാണോ? റബ്കോ നിലനിൽക്കണ്ടെന്ന് ഞാൻ ഒരിക്കലും പറയില്ല. ഗവൺമെന്റ്

ഇക്കാര്യത്തിൽ ശക്തമായി ഇടപെടണമെന്നാണ് എനിക്കും ആവശ്യപ്പെടാനുള്ളത്. നടപടികളിലേയ്ക്ക് പോകണ്ടേ.

ശ്രീ. ഇ.പി. ജയരാജൻ : അങ്ങനെയെങ്കിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിയമസഭയ്ക്ക് പുതിയ കെട്ടിടം വേണോ? പഴയ കെട്ടിടത്തിൽത്തന്നെ സമ്മേളിച്ചാൽ പോരെ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അതുപോലെ അല്ലല്ലോ. അങ്ങയുടെ പരാമർശം വളരെ ഖേദകരമായിപ്പോയി.

മി. ചെയർമാൻ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, നിങ്ങൾ ഇങ്ങനെ വഴങ്ങുന്നതുകൊണ്ടാണ് ധാരാളം മെമ്പർമാർ എഴുന്നേൽക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ചോദിച്ചാൽ എനിക്ക് വഴങ്ങണ്ടേ.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഈ റബ്കോ മാത്രമല്ല, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് കുടിശ്ശികയുള്ളതെന്ന് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞത് വളരെ ശരിയാണ്. ഏത് സ്ഥാപനമാണെങ്കിലും വായ്പ എടുത്തുകഴിഞ്ഞാൽ അത് തിരിച്ചടയ്ക്കണം. റബ്കോ അല്ല ഏത് സ്ഥാപനമാണെങ്കിലും വായ്പ എടുത്താൽ തിരിച്ചടച്ചില്ലെങ്കിൽ അത് വായ്പ എടുക്കുന്ന സ്ഥാപനത്തെ ഇല്ലാതാക്കും. പക്ഷേ, ഇവിടെ ഇക്കാര്യത്തിൽ ഏറ്റവും വലിയ വീഴ്ച വരുത്തിയത് റബ്കോയാണ്. അക്കാര്യത്തിൽ സംശയമില്ല. ഞാൻ ഒരു ബാങ്കിനേയും കുറ്റം പറയുകയല്ല, അതിന്റെ യാഥാർത്ഥ്യം പറയുകയാണ്. റബ്കോ ആണെങ്കിലും വായ്പ എടുത്ത് ഞങ്ങൾ വലിയ കെട്ടിടം വച്ചെന്ന് പറഞ്ഞ് വീഴ്ച വരു

ത്തിയതിനെ ലഘൂകരിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുന്നത് ശരിയല്ല. രണ്ട്, കഴിഞ്ഞ 5 വർഷക്കാലം നബാർഡിൽ നിന്നും കിട്ടേണ്ട വായ്പ കേരളത്തിലേയ്ക്ക് വരേണ്ടത് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പ്രസിഡന്റായിരുന്ന സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലൂടെയായിരുന്നു. ഒരു രൂപ വായ്പയായി കിട്ടിയില്ല. കാരണം അവിടെ 7% പലിശയ്ക്ക് ultimate borrower -ക്ക് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ കൂടി കൊടുക്കേണ്ടിയിരുന്ന വായ്പ ബാങ്കിംഗ് റെഗുലേഷന്റെ വകുപ്പുകൾ ആ ബാങ്ക് വയലേറ്റ് ചെയ്തുവെന്നുള്ളതുകൊണ്ട് വാർണിംഗ് കൊടുത്ത് ആ സ്ഥാപനത്തിലേയ്ക്ക് വായ്പ കൊടുക്കാതിരിക്കുകയായിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : തീർച്ചയായും അങ്ങ് പറയുന്നത് 100 ശതമാനം ശരിയാണ്. നബാർഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടാതായത് കർഷകരെ ബാധിക്കുന്ന കാര്യമല്ലേ. പ്രൈമറി ബാങ്കുകൾക്ക് കാർഷിക മേഖലയിൽ ലോൺ കൊടുക്കാൻ കഴിയാത്ത രീതിയിൽ മെന്റ്മെന്റ് വരുമെന്നാണ് ഇവിടെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ വരെ വളരെ ആവേശപൂർവ്വം പറഞ്ഞത്. കഴിഞ്ഞ 5 വർഷം നബാർഡിലേയ്ക്ക് എന്തുകൊണ്ട് വായ്പ കിട്ടിയില്ല. അങ്ങിവിടെ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ഇനിയിപ്പോൾ നമ്മുടെ സഹകരണവകുപ്പ് മന്ത്രി വിചാരിച്ചാൽ പോലും അത് ഒപ്പിടാൻ കഴിയില്ല. അതിന്റെ കാലാവധി കഴിഞ്ഞ് 4 വർഷമായി. വൈദ്യനാഥൻ

കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എതിർത്തത് എന്തുകൊണ്ടാണ്?

ശ്രീ. കെ. ശിവദാസൻ നായർ : സർ, വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനങ്ങൾക്ക് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു കാലാവധി പ്രിസ്ക്രൈബ് ചെയ്തിരുന്നു. ആ കാലാവധി അവസാനിച്ചിട്ട് 4 വർഷം കഴിഞ്ഞു. ഇപ്പോഴും നമ്മൾ വൈദ്യനാഥൻ കമ്മീഷനെക്കുറിച്ച് സംസാരിക്കുകയാണ്. കേരളത്തിൽ വെസ്റ്റ് ബംഗാളും ത്രിപുരയും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കി. ആദ്യം ഇത് പ്രഖ്യാപിച്ചപ്പോൾ എല്ലാ സംസ്ഥാനങ്ങളും എതിർപ്പ് പ്രഖ്യാപിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോഴും എതിർപ്പ് പറഞ്ഞു. ഇപ്പോഴും ആ എതിർപ്പ് പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ ആ എതിർപ്പ് പറഞ്ഞതിനുശേഷം വെസ്റ്റ് ബംഗാളിലെ ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. അസിംദാസ് ഗുപ്ത ചെയർമാനായി മിനിസ്റ്റേഴ്സിന്റെ സബ്കമ്മിറ്റി ഉണ്ടാക്കി, ആ സബ്കമ്മിറ്റി പഠിച്ച് സംസ്ഥാനങ്ങൾക്ക് ഭേദഗതി വരുത്തുന്നതിനുവേണ്ടി ശ്രമിച്ചു. പല സംസ്ഥാനങ്ങളും ഭേദഗതി വരുത്തിയാണ് നടപ്പിലാക്കിയത്. പക്ഷേ, കേരളം അതിനുവേണ്ടി ശ്രമിച്ചില്ല, കാലാവധി അവസാനിച്ചു. കിട്ടേണ്ട പണം കിട്ടിയില്ല. 4 വർഷം കഴിഞ്ഞു. ഇപ്പോഴും നമ്മൾ വൈദ്യനാഥൻ കമ്മീഷനെക്കുറിച്ച് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ബസ് പോയിക്കഴിഞ്ഞു. ഇനി ബസ്സിന്റെ പുറകേ ഓടിയിട്ട് വല്ല കാര്യവുമുണ്ടോ.? ആന്ധ്രയ്ക്ക് 1200 കോടി രൂപ കിട്ടി. ശ്രീ. കെ. ശിവദാസൻ

നായർ പറഞ്ഞത് ശരിയാണ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി എതിർക്കാൻ എന്താണ് കാരണം? ബാങ്ക് എന്ന പദം ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധന വന്നാൽ കേരളത്തിലെ സഹകരണമേഖലയ്ക്ക് വലിയ ക്ഷീണം വരും. ബംഗാളിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മാർക്സിസ്റ്റ് നേതാവ് അസിംദാസ് ഗുപ്ത ചെയർമാനായി ഒരു കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റിയുടെ മുമ്പാകെ പല സംസ്ഥാന ഗവൺമെന്റുകളും പോയി സംസാരിക്കുകയും അവർ പലതിലും എക്സംഷൻ വാങ്ങിക്കുകയും ചെയ്തു. അതൊന്നും ചെയ്യാതെ കഴിഞ്ഞ ഗവൺമെന്റ് മുഖം തിരിഞ്ഞുനിന്നു. ഇനിയിപ്പോൾ വണ്ടി പോയിക്കഴിഞ്ഞു. ഇനിയൊരു നിവർത്തിയുമില്ല. അതുകൊണ്ട് അങ്ങ് വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. അതുപോലെ ശ്രീ. എ.കെ. ആന്റണിയാണ് ജില്ലാ ബാങ്കിലെ നിയമനം പി.എസ്.സി.ക്കു വിട്ടത്. നിങ്ങളുടെ കാലത്ത് എല്ലാ ജില്ലാ ബാങ്കുകളിലും നിങ്ങളുടെ ആളുകളെ കയറ്റിയില്ലേ? ഈയിടെ ഒരു ഡേ പത്രത്തിൽ ഒരു സർവ്വേ വന്നിരുന്നു. മലബാറിൽ പാർട്ടിയെ പിടിച്ചുനിറുത്തുന്നത് സഹകരണ സ്ഥാപനങ്ങളിൽ ജോലിയുള്ളവരാണെന്നാണ് പത്രത്തിൽ വായിച്ചത്. അപ്പോൾ പാർട്ടിയെ പിടിച്ചുനിറുത്തുന്നതിനുവേണ്ടി ബാങ്കുകളെ ഉപയോഗിക്കുക എന്ന നയം ഞങ്ങൾക്കില്ല. ശ്രീ. എ.കെ. ആന്റണി 1995-ൽ അധികാരത്തിൽ വന്നതിനുശേഷമാണ് ജില്ലാ ബാങ്ക് നിയമനം പി.എസ്.സി.ക്ക് വിട്ടത്. അതിന് വിരുദ്ധമായിട്ടുപോലും അന്ന് നിലവിലുണ്ടായിരുന്ന ആലപ്പുഴ ജില്ലാ

സഹകരണ ബാങ്ക് നിയമനം നടത്തിയതിനെക്കുറിച്ച് അന്വേഷണം വന്നു. അതുകൊണ്ട് ഈ രംഗത്ത് നന്നായിട്ട് പോകണം എന്നുതന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സഹകരണ ബാങ്കുകളുടെ ഇലക്ഷന്റെ സ്ഥിതി യെന്താണ്? എന്റെ മണ്ഡലത്തിലെ പള്ളുരുത്തിയിൽ ഒരു സഹകരണ ബാങ്കുണ്ട്. അവിടത്തെ അംഗസംഖ്യ അൻപതിനായിരത്തിലധികമാണ്. ഇത്തവണ അവിടെ ഇലക്ഷന് ആരും നോമിനേഷൻ കൊടുത്തില്ല. നോമി നേഷൻ കൊടുക്കാത്തതിനുകാരണം അതിനുമുമ്പത്തെ ഇലക്ഷനിൽ ആകെ പങ്കെടുത്തത് ആറായിരം പേരാണ്. അതായത് 12 ശതമാനം. 12 ശതമാനം വോട്ട് വാങ്ങി ഒരു ഭരണസമിതി അവിടെ ഭരിക്കുന്നു. നമ്മുടെ നിയമത്തിൽ പരിഷ്ക്കരണം വേണ്ടേ? ഇപ്പോൾ ആ അമെന്റ്മെന്റ് ബിൽ വന്നിട്ടില്ല. അപ്പോൾ നമ്മൾ ഒരുമിച്ച് ആലോചിക്കണ്ടെ? നമ്മുടെ ഈ ജനാധിപത്യം എങ്ങോട്ടാണ് പോകുന്നത്? നമ്മുടെ നിയമസഭയിലേയ്ക്കും പാർലമെന്റിലേയ്ക്കും 60, 70, 80 ശതമാനംവരെ പോളിംഗ് നടക്കാറുണ്ട്. നമ്മുടെ സഹകരണ നിയമത്തിലെ ഇൻഹറന്റായിട്ടുള്ള പരിമിധികളായിരി ക്കാം. ലോൺ കിട്ടണമെങ്കിൽ അവിടെ മെമ്പർഷിപ്പ് വേണം. ആ ലോൺ എടുത്തുകഴിഞ്ഞാൽ പിന്നീട് ആ മെമ്പർ ആക്ടീവല്ല. ഇപ്പോൾ ആക്ടീ വല്ലാത്ത മെമ്പർമാരാണ് കൂടുതൽ. മരിച്ചുപോയവരുടെ പേര് ലിസ്റ്റിൽനിന്നും ഡിലീറ്റ് ചെയ്യാറില്ല. അമ്പതിനായിരവും അറുപതിനായി രവും വരെ മെമ്പർഷിപ്പുള്ള പല സഹകരണ ബാങ്കുകളിലും തെരഞ്ഞെ ടുപ്പുകളിലെ പ്രാതിനിധ്യം എന്നുപറയുന്നത് പത്തോ പന്ത്രണ്ടോ ഇരു

പതോ ശതമാനമാണ്. സഹകരണ ആക്ട് ഭേദഗതി ചെയ്യുന്ന അവസരത്തിൽ ഈ സഭ അതിനെക്കുറിച്ചുകൂടി ആലോചിക്കണമെന്ന് എനിക്ക് ഒര ഭ്യർത്ഥനയുണ്ട്. എന്തുകൊണ്ടെന്നാൽ അവിടെ എല്ലാപേരും വന്ന് വോട്ട് ചെയ്യണ്ടെ. അതുപോലെതന്നെ ഐഡന്റിറ്റി കാർഡിന്റെ കാര്യം. അത് അവിടത്തെ സെക്രട്ടറി കൊടുക്കുന്ന കാർഡാണ്. അതിനാണ് ഇത്രയേറെ പ്രശ്നങ്ങളുണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് ഈ വക കാര്യങ്ങൾ കൂടി സഹകരണ വകുപ്പുമന്ത്രിയും ഗവൺമെന്റും ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. എനിക്ക് വേറെ രണ്ട് കാര്യം കൂടി പറയാനുണ്ട്. വളരെ പ്രസ്റ്റീജിയസ്സായി ഉണ്ടാക്കിയ ഒരു സ്ഥാപനമാണ് പരിയാരം മെഡിക്കൽ കോളേജ്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഗവൺമെന്റിന്റെ പ്രോപ്പർട്ടി കൊടുത്ത് മലബാറിൽ വൈദ്യസഹായം വിപുലീകരിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ കോളേജാണ് പരിയാരം മെഡിക്കൽ കോളേജ്. അത് സർക്കാർ ഏറ്റെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിന് അമാന്തം കാണിക്കരുത്. ഇനിയും അത് ഏതെങ്കിലുമൊക്കെ ഇലക്ഷൻ നടത്തി ആരുടെയെങ്കിലുമൊക്കെ കൈയിൽ കൊണ്ടുപോകുന്ന ഏർപ്പാട് ഒരിക്കലും ഭൂഷണമല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി അത് ഏറ്റെടുക്കാൻ തയ്യാറാകണം. പരിയാരം മെഡിക്കൽ കോളേജ് കേരളത്തിന്റെ സ്വത്താക്കി മാറ്റണം. അവിടെ ഇലക്ഷൻ വന്നാൽ എന്നും ബഹളമാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, കളമശ്ശേരി സഹകരണ ആശുപത്രി ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാനത് പറയാൻ തുടങ്ങുകയായിരുന്നു. ഏറ്റവും സ്കോപ്പുള്ള ഒന്നാണ് കളമശ്ശേരിയിലെ സഹകരണ മെഡിക്കൽ കോളേജ്. അതും ഗവൺമെന്റ് കൊടുത്ത സ്ഥലമാണ്. പക്ഷെ അവിടത്തെ സ്ഥിതി എന്താണ്? അവിടെയിപ്പോൾ നാഥനില്ലാ കളരിയായി മാറിയിരിക്കുകയാണ്. അതുകൊണ്ട് കേപ്പിന്റെ കളമശ്ശേരിയിലെ മെഡിക്കൽ കോളേജും പരിയാരം മെഡിക്കൽ കോളേജും സർക്കാർ ഏറ്റെടുക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്. വളരെ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ ഭേദഗതി ഇവിടെ വന്നിട്ടുള്ളത്. തീർച്ചയായും സഹകരണ രംഗത്തെ ശക്തിപ്പെടുത്തണം. ഇന്ന് സാധാരണക്കാരന് അത്യാവശ്യത്തിന് ലോൺ കിട്ടാനുള്ള ഒരു സംവിധാനമെന്നത് നമ്മുടെ സഹകരണ ബാങ്കുകളാണ്. ഹൈടെക് ബാങ്കുകളും ന്യൂ ജനറേഷൻ ബാങ്കുകളും ഒക്കെ ലോൺ തരും, പക്ഷെ ലോണിന്റെ പുറകെ ലോൺ തിരിച്ചുപിടിക്കാൻ വേറെ ആളെ അയയ്ക്കും. അങ്ങനെയൊരു സ്ഥിതിയുള്ള കാലഘട്ടത്തിൽ തീർച്ചയായും സഹകരണ മേഖലയെ എങ്ങനെയെല്ലാം ശക്തിപ്പെടുത്താം, കാർഷിക മേഖലയിൽ അതുവഴി എങ്ങനെ പുതിയ ഉണർവ് കൊടുക്കാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ഒരു ചർച്ചയുടെ വേദിയായി ഇത് മാറട്ടെയെന്നാണ്

എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.  ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, 1969-ലെ കേരള സഹകരണ സംഘം ആക്ട് വീണ്ടും ഭേദഗതി ചെയ്യാനുള്ള ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. യഥാർത്ഥത്തിൽ ഇന്നത്തെ ദിവസം കേരളത്തിലെ നിയമസഭയുടെയും ഇവിടത്തെ ജനാധിപത്യ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു കരിദിനമാണ്. ജനാധിപത്യത്തിന്റെ കൂട്ടക്കുരുതിക്ക് ഇടയാക്കുന്ന രണ്ട് നിയമനിർമ്മാണങ്ങളാണ് ഇന്നിവിടെ അരങ്ങേറിയത്. ഒന്ന്, വിദ്യാഭ്യാസ വകുപ്പുമന്ത്രി പൈലറ്റ് ചെയ്തിട്ടുള്ള ബിൽ നേരത്തെ ചർച്ചചെയ്ത് യു.ഡി.എഫ്.ന്റെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് ജനാധിപത്യവിരുദ്ധമായ ഉള്ളടക്കത്തോടെ അവർ പാസ്സാക്കി. ഇവിടത്തെ വിദ്യാർത്ഥി സമൂഹത്തിന്റെ ഒരുപാടുകാലത്തെ ജനാധിപത്യപരമായ അവകാശം സംരക്ഷിക്കപ്പെട്ടതിന്റെ ഭാഗമായിട്ടാണ് യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാന് സിൻഡിക്കേറ്റ് അംഗത്വം എന്ന സ്ഥാനമുണ്ടായിരുന്നത്. അത് ഇല്ലാതാക്കുന്ന നിയമം ഇന്ന് പാസ്സാക്കി. ..........(തടസ്സം)....... സഹകരണമാണോ വിദ്യാഭ്യാസമാണോ എന്നെനിക്ക് നല്ല ധാരണയുണ്ട്. നിങ്ങളിവിടെ ഇരുന്നിട്ട് ഒരു കശാപ്പിവിടെ നടത്തിയല്ലോ. വലിയ വിദ്യാർത്ഥി നേതാക്കളായിട്ടുള്ള ആളുകളൊക്കെ അതിന് കൂട്ടുനിന്നിട്ട് ഒരു നാണവുമില്ലാതെ ഇവിടെ ഇരിക്കുന്നുണ്ടല്ലോ. ആ ബില്ലിന്റെ പിന്നാലെ സഹകരണ മേഖലയിൽ ജനാധിപത്യ കശാപ്പിന് അരങ്ങൊരുക്കുന്ന നിയമനിർമ്മാണം ഇപ്പോൾ നടക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, അങ്ങ് ഇവിടെ വിദ്യാർത്ഥി നേതാക്കളെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ വർഷം കെ.എസ്.യു.വിൽ മൊത്തം അംഗസംഖ്യ 90,000 ആണ്. 50 ലക്ഷം വിദ്യാർത്ഥികൾ സ്കൂളിൽ മാത്രമുണ്ട്. മാത്രവുമല്ല, വളരെ പണ്ടുമുതൽ എറണാകുളത്തെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിനടുത്ത് പ്രവർത്തിച്ചുവരുന്ന കെ.പി.സി.സി. ഓഫീസുണ്ട്. കെ.പി.സി.സി. ജംഗ്ഷൻ എന്നാണ് ആ കവലയ്ക്കുതന്നെ പറയുന്നത്. ആ കെ.പി.സി.സി. ഓഫീസിൽ കെ.എസ്.യു. നേതാക്കൻമാർ കയറാൻ പാടില്ലായെന്ന് കർശനമായി വിലക്കിയിരിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതറിയാം. സിംഹവാലൻ കുരങ്ങിനെപ്പോലെ വംശനാശം നേരിടുന്നവരാണ് കെ.എസ്.യു.ക്കാർ എന്നു പറഞ്ഞത് എം.എസ്.എഫ് ന്റെ സംസ്ഥാന പ്രസിഡന്റാണ്. ഇവിടെ ഇപ്പോൾ ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക സംഘങ്ങൾ........

ശ്രീ. ഷാഫി പറമ്പിൽ: സർ, സഹകരണത്തിന്റെ ബില്ലിൽ ബഹുമാനപ്പെട്ട അംഗം വിദ്യാഭ്യാസ ബില്ലിന്റെ കാര്യം കൊണ്ടുവന്നതുകൊണ്ട് പറയുന്നതാണ്. നേരത്തെ ഇവിടെ മാർക്ക് ദാനത്തെ സംബന്ധിച്ചും നിയമനങ്ങളെ സംബന്ധിച്ചും വലിയ ആവേശപൂർവ്വം പ്രസംഗിക്കുന്നതുകേട്ടു. എനിക്ക് അങ്ങയോട് ചോദിക്കാനുള്ള ചോദ്യം ഒന്ന്, കാലിക്കട്ട് സർവ്വകലാശാലയിലെ കഴിഞ്ഞ സിൻഡിക്കേറ്റിലെ മെമ്പറായിരുന്ന സി.പി.എം.

നേതാവായിരുന്ന ശ്രീ. കൃഷ്ണന്റെ മകന് എഞ്ചിനീയറിംഗ് എക്സാമിന് ലഭിച്ച മാർക്ക് 4. എന്നിട്ട് കഴിഞ്ഞ സിൻഡിക്കേറ്റ് മോഡറേഷൻ കൊടുത്തത് 36 മാർക്ക്. സി.പി.എം. ഭരിച്ചുകൊണ്ടിരുന്നപ്പോൾ ജയിപ്പിക്കാൻ ശ്രമിച്ചു, അതിനെതിരെ അവിടെ സമരങ്ങൾ നടന്നു. രണ്ട്, മൊത്തം വിദ്യാർത്ഥികളും അപേക്ഷിച്ച് എഴുതിയ പരീക്ഷാപേപ്പറുകൾ കേരളത്തിൽ ഒന്നടങ്കം കാണാതാവുകയും അത് സൂക്ഷിച്ച ഇരുമ്പ് അലമാരകൾ സഹിതം കേരള സർവ്വകലാശാലയിൽ കത്തിപ്പോയപ്പോൾ കേരളത്തിൽ അധികാരത്തിലിരുന്നതും ആ സിൻഡിക്കേറ്റിന് നേതൃത്വം കൊടുത്തതും ഇടതുപക്ഷമാണെന്നുള്ളത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, കഴിഞ്ഞ ദിവസം ചർച്ച ചെയ്ത, എഞ്ചിനീയറിംഗ് കോളേജിൽ കൂട്ടത്തോടെ തോറ്റ കുട്ടികളെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് പാസ്സാക്കി കൊടുത്തു. ആ സിൻഡിക്കേറ്റിന്റെ അധാർമ്മികമായ കാര്യങ്ങൾ ഇപ്പോഴും അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഉത്തരം മുട്ടിയപ്പോൾ കൊഞ്ഞനം കുത്തുക എന്ന നിലയിലാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. നേരത്തെ വിദ്യാഭ്യാസ മേഖലയുടെ ചർച്ച നടന്നപ്പോൾ, സർവ്വകലാശാല യൂണിയൻ ചെയർമാന് വോട്ടവകാശം കൊടുക്കരുത്, അതിലെ സിൻഡിക്കേറ്റ് അംഗത്തിന് വോട്ടവകാശം നൽകേണ്ട പ്രശ്നം വന്നപ്പോൾ മിണ്ടാതിരുന്നിട്ട് ഇപ്പോൾ എന്തിനാണ് എണീറ്റ് നിന്ന് ഓരോ കാര്യം ചോദിച്ചുകൊണ്ടിരിക്കുന്നത്? ഞാൻ പറഞ്ഞുവന്നത് സഹകരണമേഖലയെക്കുറിച്ചാണ്. കാർഷിക സഹകരണ

സംഘങ്ങളും അർബൻ ബാങ്കുകൾക്കുമായിരുന്നു ജില്ലാ ബാങ്കിൽ അംഗത്വവും വോട്ടവകാശവുമുണ്ടായിരുന്നത്. ഇപ്പോൾ സർവ്വ കടലാസ് സംഘങ്ങൾക്കും വോട്ടവകാശവും അംഗത്വവും കൊടുക്കുന്ന നിയമഭേദഗതിയാണ് കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയാണ് ഇത് പൈലറ്റ് ചെയ്തതെങ്കിലും ഈ ജനാധിപത്യ വിരുദ്ധമായ നടപടിക്ക് പിന്നിലുള്ള മസ്തിഷ്കം അദ്ദേഹത്തിന്റേതല്ല. അദ്ദേഹത്തെ ഉപകരണമാക്കി ഇത് ചെയ്യിക്കുകയാണെന്ന് നന്നായിട്ടറിയാം. ഇവിടെ നേരത്തെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പ്രസംഗിച്ച സമയത്ത് ചോദിച്ചു. എല്ലാ സംഘങ്ങൾക്കും വോട്ടവകാശം കൊടുത്തുകൊണ്ട് കൂടുതൽ ജനാധിപത്യം ശക്തിപ്പെടുത്തുമെന്നാണ് നേരത്തെ ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പ്രസംഗിച്ച സമയത്ത് പറഞ്ഞത്. ഇവിടെ ജില്ലാ ബാങ്കുകൾക്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവരുമായി നേരിട്ട് ധന ഇടപാടുകളും ബന്ധങ്ങളുമുണ്ട്. ഈ കടലാസ് സംഘങ്ങളുമായി അവർക്ക് എന്ത് ബന്ധമാണുള്ളത്? നിങ്ങൾ അംഗത്വം കൊടുക്കുന്ന കടലാസ് സംഘങ്ങൾക്ക് ആരുടെയെങ്കിലും നിക്ഷേപം ഈ ജില്ലാ ബാങ്കിലുണ്ടോ? പിന്നെ എന്തിനുവേണ്ടിയാണ് അവർക്ക് വോട്ടവകാശം കൊടുക്കുന്നത്? നേരത്തെ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടായിരുന്ന കാലത്ത് ശ്രീ. എം.വി. രാഘവൻ മന്ത്രിയായിരിക്കുമ്പോൾ ജനാധിപത്യപരമായിട്ടുള്ള ഈ അട്ടിമറി നടത്തിയതാണ്. അതിനെതിരെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമം

കൊണ്ടുവന്നു. ആ നിയമത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവച്ചു. അന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കാർഷിക വായ്പ നൽകുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും മാത്രമായി ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ വോട്ടവകാശം നിജപ്പെടുത്തിയപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ട് ഹർജി വന്നു. ആ ഹർജി തള്ളിക്കൊണ്ട് അന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിച്ചു. കടലാസ് സംഘങ്ങൾക്ക് വോട്ടവകാശം നൽകിയാൽ ചെറിയ ശതമാനം ഓഹരി കൈവശമുള്ള ആൾക്കാർ ജില്ലാ ബാങ്കിന്റെ നിയന്ത്രണാധികാരം ഏറ്റെടുക്കാൻ ഇടയുണ്ട്. 1130 അംഗങ്ങളുള്ള ഒരു ജില്ലാ ബാങ്കിൽ 766 അംഗങ്ങളും കടലാസ് സംഘങ്ങളിലുള്ളവരായിരുന്നു. എന്നാൽ ആകെയുള്ള ഓഹരിയായ 12.28 കോടി രൂപയിൽ 76600 രൂപ മാത്രമായിരുന്നു ഈ കടലാസ് സംഘങ്ങൾക്കുണ്ടായിരുന്നത്. ഈ വസ്തുതകൾ കോടതി മുമ്പാകെ അവതരിപ്പിച്ചാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നിയമത്തെ ശരിവച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇറക്കിയത്. അത് ഇപ്പോഴും നിലനിൽക്കുകയാണ്. കോടതി വിധിയെ ലംഘിച്ചുകൊണ്ടുള്ള നിയമനിർമ്മാണമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. സുപ്രീം കോടതി വിധിയെപ്പോലും വിലമതിക്കാത്തവരാണ് നിങ്ങൾ. കോഴിക്കോട് ഡി.സി.സി. ഓഫീസ് കെട്ടിടത്തിന്റെ ഉടമ അത് വിട്ടുകിട്ടാൻ ഇരുപത് വർഷമായി കേസ് നടത്തി. ഇപ്പോൾ ആ കെട്ടിടം ഉടമയ്ക്ക് തിരിച്ചുകൊടുക്കണമെ

ന്ന് സുപ്രീം കോടതി വിധിച്ചു. ആ വിധി നടപ്പാക്കാൻ പോലീസ് സംരക്ഷണം കൊടുക്കാതെ, ഇവിടെ നിയമം നിയമത്തിന്റെ വഴിക്കു പോകും; നീതി നടപ്പാക്കും; കോടതി ഉത്തരവുകൾ നടപ്പാക്കും എന്ന് ഗവൺമെന്റും മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമെല്ലാം തന്നെ....... സുപ്രീംകോടതി വിധി നടപ്പാക്കി കിട്ടുന്നതിനുവേണ്ടി പാവപ്പെട്ട ആ ഉടമ എല്ലാ സ്ഥലത്തും കയറി നടക്കുകയാണ്. സുപ്രീം കോടതി വിധിയെ അധികാരവും പോലീസും ഉപയോഗിച്ചുകൊണ്ട് ചവിട്ടിത്തേയ്ക്കുന്ന നിലപാടാണ് ഈ ഭരണം സ്വീകരിക്കുന്നത്. അവിടെ നിന്ന് ഹൈക്കോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ടില്ലെങ്കിൽ ഞങ്ങൾക്കത് മനസ്സിലാക്കാവുന്നതേയുള്ളൂ. പക്ഷേ ഇവിടെ ജനാധിപത്യം ശക്തിപ്പെടുത്താൻ വേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നതെന്ന് പറഞ്ഞാൽ അംഗീകരിക്കാനാവില്ല. താലൂക്കടിസ്ഥാനത്തിൽ കാർഷിക ബാങ്കുകൾ ചിട്ടപ്പെടുത്തുന്ന സമയത്ത് അതിന്റെ ആസ്തിയും ബാധ്യതകളും വിഭജിക്കണം. പക്ഷേ അത് വിഭജിച്ചുകൊണ്ട് ഇതിനകത്ത് പുതിയ സംഘങ്ങൾക്ക് രജിസ്ട്രേഷൻ കൊടുക്കാമെന്ന് ഏത് നിയമത്തിലാണുള്ളത്? ആ വിഭജനം പിന്നീട് നടത്തിയാൽ മതി. ആ വിഭജനം നടത്താനുള്ള തീരുമാനമുണ്ടാക്കുകയാണ് വേണ്ടത്. അതിന്റെ പേരിൽ ഈ ബാങ്കുകളെ പിരിച്ചുവിട്ട് ആ ബാങ്കുകളിലൂടെ പണം വായ്പ കൊടുത്തതൊക്കെ വെള്ളത്തിലായില്ലേ? രാഷ്ട്രീയ ദുഷ്ടലാക്കോടെ കാർഷിക വികസന ബാങ്കുകളുടെയും ജില്ലാ ബാങ്കുകളുടേയും ഭരണം കൈക്കലാക്കാനും അധികാര

ക്കൊതി മൂത്ത് നിങ്ങളുടെ ആളുകൾക്ക് സ്ഥാനം പങ്കുവച്ചുകൊടുക്കാൻ നിലവിലുള്ള കോർപ്പറേഷനുകളും ബോർഡുകളും തികയാത്തതുകൊണ്ട് അതിലേയ്ക്ക് മുതൽകൂട്ടാനായി ഈ ബാങ്കിന്റെയും മറ്റും അധികാരം പിടിക്കാനും വേണ്ടിയുള്ള അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ നടപടി കളാണ് ഇവിടെ ഇപ്പോൾ നടക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെല്ലാം സഹകരണമേഖലയെ ശക്തിപ്പെടുത്താനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? റബ്കോയെക്കുറിച്ച് ആക്ഷേപം ഉന്നയി ച്ചല്ലോ; റബ്കോ പോലുള്ള ഒരു സ്ഥാപനം ആവിഷ്ക്കരിക്കാൻ, അതിനെ വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഒരു ഉദാഹരണം പറയാമോ? റബ്കോയ്ക്ക് സംസ്ഥാന സഹകരണ ബാങ്കിൽ കുറച്ച് വായ്പാ കുടിശ്ശി കയുണ്ട്. അത് വലിയ സ്ഥാപനമാണ്. 3000-ലധികം കോടി രൂപയുടെ ആസ്തിയുണ്ട്. ധാരാളം പേർക്ക് തൊഴിൽ കൊടുക്കുന്ന, അതിന്റെ ഉല്പ ന്നങ്ങൾ നന്നായി മാർക്കറ്റ് ചെയ്യുന്ന ഒരു സ്ഥാപനം, ആ സ്ഥാപനത്തിന് കടമുണ്ടെങ്കിൽ കടമടയ്ക്കണം, ശരിയാണ്. പക്ഷേ നിങ്ങളുടെ നേതാ വിന്റെ നേതൃത്വത്തിലുള്ള കണ്ണൂരിലെ ഒരു കടലാസ് സംഘം ഇതേ സംസ്ഥാന കാർഷിക സഹകരണ ബാങ്കിൽ നിന്ന് 10 കോടി രൂപ കടമെടു ത്തിട്ട് തിരിച്ചടച്ചോ; എത്ര കൊല്ലമായി? ആളുടെ പേര് പറയുന്നില്ല; പാർല മെന്റിനെ പ്രതിനിധീകരിക്കുന്ന ആൾ, അദ്ദേഹത്തിന്റെ പേരിൽ കണ്ണൂർ ജില്ലയിലുള്ള ഒരു കടലാസ് സംഘം സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് 10 കോടി രൂപ കടമെടുത്തിട്ട് തിരിച്ചടച്ചോ? അത് എൻ.പി.എ.

വർദ്ധിപ്പിക്കുന്നതിന് സഹായകരമായില്ലേ? ജനാധിപത്യത്തെക്കുറിച്ചും എൻ.പി.എ.-യെക്കുറിച്ചും അതിന്റെ ധാർമ്മികബാധ്യതകളെക്കുറിച്ചും ആരും വലിയ വർത്തമാനം പറയരുത്. റബ്കോ പോലെ നിരവധി സഹ കരണപ്രസ്ഥാനങ്ങളെ ലോകശ്രദ്ധയിൽ കൊണ്ടുവരാനുള്ള ധാരാളം ഇട പെടലുകൾ നടത്തിയവരാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കഴിഞ്ഞ എൽ.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത്, ഒരു പക്ഷേ ലോകചരിത്രത്തിലാദ്യമായി, ഒരു പ്രധാനപ്പെട്ട സഹകരണ സ്ഥാപനം ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതി ലേയ്ക്ക് വന്നത് - കോഴിക്കോട്ടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, സാമൂഹ്യപരിഷ്ക്കർത്താവായ വാഗ്ഭടാനന്ദൻ സ്ഥാപിച്ച സൊസൈറ്റി. 2000-ലധികം തൊഴിലാളികളുടെ ഓഹരി പങ്കാളിത്തമുള്ള സൊസൈറ്റി. റോഡ് നിർമ്മാണം, കെട്ടിടനിർമ്മാണം തുടങ്ങിയ രംഗ ങ്ങളെല്ലാം എൽ&റ്റി പോലുള്ള മൾട്ടിനാഷണൽ കമ്പനികളെപ്പോലും കട ത്തിവെട്ടിക്കൊണ്ട് മികവ് തെളിയിച്ച സ്ഥാപനം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് മലബാറിലെ ആദ്യത്തെ ഐ.ടി. ഇൻഡസ്ട്രി അവിടെ തുട ങ്ങുമെന്ന് പ്രഖ്യാപിച്ചപ്പോൾ ആ സ്ഥാപനത്തെക്കൂടി ഭാഗമാക്കിക്കൊണ്ട് ഒരു സൈബർ പാർക്ക് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഒരു സഹകരണ സ്ഥാപനത്തെ ലോക ചരിത്രത്തിലാദ്യമായി കൊണ്ടുവന്നു. അവരുടെ 27 ഏക്കറിലുള്ള നാലര ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതി യുള്ള ഐ.ടി. പാർക്കിന്റെ കെട്ടിടനിർമ്മാണം അതിവേഗം പുരോഗമിച്ചു

കൊണ്ടിരിക്കുകയാണ്. സാധാരണ തൊഴിലാളികളുടെ കൂട്ടായ്മയായ ആ സംഘത്തെ ഇന്ന് ലോകശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുകയാണ്. എന്നാൽ ആ ഐ.ടി. പാർക്ക് യാഥാർത്ഥ്യമാകുന്നതിന് തടസ്സം നിൽക്കുന്ന നിലപാടുകളാണ് ഈ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുള്ളത്. ഉദാഹരണം പറഞ്ഞാൽ ഗവൺമെന്റ് സൈബർ പാർക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള സൈബർ പാർക്കും ഒന്നിച്ചാണ് വർക്ക് ആരംഭിക്കുന്നത്. ഇലക്ട്രിസിറ്റിയും വെള്ളവും റോഡുമെല്ലാം ഗവൺമെന്റ് സൈബർ പാർക്കിന്റെ ഭാഗമായിട്ടാണ് രണ്ടുകൂട്ടർക്കും വരേണ്ടത്. ഈ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തമുള്ളതാണല്ലോ. ഗവൺമെന്റ് സൈബർ പാർക്കിന്റെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കലൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ പൂർത്തിയാക്കി, ഒരു ആക്ഷേപവുമില്ലാതെ. പാവപ്പെട്ടവരുടെയും പണക്കാരുടെയും ഇടത്തരക്കാരുടെയുമെല്ലാം ഭൂമി എടുത്തു. അവർക്ക് റീഹാബിലിറ്റേഷൻ കൊടുത്തു. ഇപ്പോൾ ഈ ഗവൺമെന്റ് അതിനിഗൂഢമായ നിലയിൽ ആ സൈബർ പാർക്ക് നിർമ്മാണത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി ഒരു പ്രമാണിക്ക് വിട്ടുകൊടുക്കാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇത് ഒരു ആരോപണമായി ഇവിടെ ഉന്നയിക്കുന്നു. കുറ്റപ്പെടുത്തുകയല്ല, തിരുത്താൻ വേണ്ടിയാണ്. ഏറ്റെടുത്ത ഭൂമി വിട്ടുകൊടുത്തു കഴിഞ്ഞാൽ കോഴിക്കോട് സൈബർ പാർക്ക് എന്ന ആശയം അട്ടിമറിക്കപ്പെടും. ഇപ്പോൾ എന്താണ്

സംഭവിച്ചിരിക്കുന്നതെന്ന് വച്ചാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആ പ്രമാണിയുടെ അപേക്ഷ ഐ.ടി. വകുപ്പ് വാങ്ങി. എന്നിട്ട് ആ അപേക്ഷ ഭൂമി വിട്ടുകൊടുക്കുന്നതിന് വേണ്ടിയുള്ള അനുകൂല റിപ്പോർട്ടിനുവേണ്ടി കളക്ടർക്ക് അയച്ചുകൊടുത്തു. കളക്ടർ അത് ഏറ്റെടുത്തതാണ്. നോട്ടിഫൈ ചെയ്ത ഭൂമിയാണ്. തിരിച്ചുകൊടുക്കാൻ സാധിക്കില്ല എന്ന റിപ്പോർട്ട് ആദ്യം കൊടുത്തു. രണ്ടാമത് ഐ.ടി. സെക്രട്ടറിയുടെ ഓഫീസിൽ നിന്നും വീണ്ടും ഫയൽ പോകുന്നു. കളക്ടറിലില്ലാത്തതിനാൽ ജില്ലാ കളക്ടറെ കാണിക്കാതെ അതിന് അനുകൂലമായ ഒരു ഉത്തരവ് വാങ്ങിച്ചുകൊണ്ട് ഗവൺമെന്റിന് ഉചിതമായ തീരുമാനമെടുക്കാമെന്ന വ്യാഖ്യാനം നൽകിക്കൊണ്ട് ഇങ്ങോട്ടയച്ചു. അയച്ചിട്ട് അതിന്റെ മുകളിൽ തീരുമാനമെടുക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഐ.ടി. വകുപ്പ് മന്ത്രിയും ഇവിടെയില്ല. ഇവിടെയുള്ള മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തണം. യഥാർത്ഥത്തിൽ മലബാറിലെ രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഒന്നിച്ചു നിന്ന് സഹകരിച്ച് പൂർത്തീകരിക്കേണ്ട ഒരു പ്രധാനപ്പെട്ട സ്വപ്ന പദ്ധതിയാണിത്. ഐ.ടി. ഇൻഡസ്ട്രിയുടെ കാര്യം പറഞ്ഞപ്പോൾ അത് അട്ടിമറിക്കുന്ന ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടെന്ന് പറഞ്ഞു. റബ്കോയുടെ ജാതകം നോക്കാൻ പോകുമ്പോൾ അതിന്റെ കൂട്ടത്തിൽ ഉണ്ടായ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. അക്വയർ ചെയ്ത് എടുത്ത ഭൂമി പ്രമാണിക്ക് വിട്ടുകൊടുക്കുകയാണ്. അതിനുള്ള നടപടികൾ മുന്നോട്ടുനീങ്ങുകയാണ്. അത് യാഥാർത്ഥ്യ

മായി കഴിഞ്ഞാൽ ഐ.ടി. പാർക്ക് അവിടെ വരില്ല. മറ്റുള്ള ആളുകൾ കോടതിയിൽ പോയി തടസ്സമുണ്ടാക്കും. അപ്പോൾ അതിന് ഇടനൽകാത്ത നിലയിൽ പാർക്ക് യാഥാർത്ഥ്യമാകണമെന്ന് ആഗ്രഹമുള്ളവർ അതിനെ തടസ്സപ്പെടുത്തണം. മറ്റൊന്ന്, ലോകചരിത്രത്തിൽ ഇടംനേടാൻ സാധിക്കുന്ന ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഇന്നത്തെ ആധുനിക വ്യവസായമായ ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിലേയ്ക്കും സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് മേഖലയിലേയ്ക്കും വരുന്നു. ഈ നടപടിവഴി അതിന്റെ സൽപ്പേര് നമ്മുടെ സംസ്ഥാനത്തിനുണ്ടാകുന്നത് ഇല്ലാതാകും എന്ന് സൂചിപ്പിക്കാനാണ് ഇത് പറഞ്ഞത്. വൈദ്യനാഥൻ കമ്മിറ്റിയെപ്പറ്റി ഈ സഭയിലെ പരിചയസമ്പന്നനായ സഹചാരി ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ വിശദമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിയിരുന്ന സമയത്താണ് ഞാനൊക്കെ ആദ്യം സഭയിൽ വരുന്നത്. അദ്ദേഹം ആ സമയത്തും അതിന് മുമ്പ് മുഖ്യമന്ത്രിയായിരുന്ന സമയത്തും എപ്പോഴും വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശക്കെതിരായാണ് ശക്തമായി പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോൾ അദ്ദേഹം അതെല്ലാം വിഴുങ്ങിയിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. കേരളത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കുന്ന സമയത്ത് നമുക്കുണ്ടാകേണ്ട പ്രത്യേക പ്രൊട്ടക്ഷൻ, സഭയുടെ ഏതാണ്ട് ഒരുപോലെയുള്ള വികാരമായി വന്നതാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പൂർണ്ണമായി യോജിക്കുന്ന

തുമാണ്. അതുകൊണ്ട് സംരക്ഷിച്ചെടുക്കാൻ പറ്റിയില്ലെങ്കിൽ നമ്മുടെ ക്രെഡിറ്റ് സംഘങ്ങൾ പോകും, വായ്പകൊടുക്കാനുള്ള ബാങ്കിംഗ് മേൽവിലാസം പോകും, മറ്റ് തരത്തിലുള്ള മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിക്കൊണ്ടിരിക്കുന്ന സാധ്യതകൾ ഇല്ലാതാകും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശങ്ങളും ഇല്ലാതാകും. അതോടെ ഇന്ത്യയ്ക്ക് മാതൃകയായി, ലോകത്തിന് മാതൃകയായി കേരളം വികസിപ്പിച്ചെടുത്ത നമ്മുടെ സഹകരണ രംഗത്തെ ഉദാത്ത മാതൃകകൾ ഒന്നൊന്നായി തകർന്നടിയും. അത് ഒഴിവാക്കാൻ വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കുന്നതുവഴി മാത്രമേ കഴിയുകയുള്ളൂ, ഇക്കാര്യത്തിലെങ്കിലും ശക്തമായി ഈ സഭ ഒന്നിച്ച് നിൽക്കുവാനും സാധ്യമായ എല്ലാ നിലയിലും ഇടപെടാനും കേരളത്തിലെ വികാരം സംരക്ഷിക്കുവാനും കഴിയേണ്ടതായിട്ടുണ്ട്. നമുക്ക് അഭിമാനത്തോടുകൂടി പറയണമെങ്കിൽ സഹകരണ മേഖലയിലെ ജനാധിപത്യം സംരക്ഷിക്കപ്പെടണം. ജനാധിപത്യപരമായ അതിന്റെ ഉള്ളടക്കവും പ്രവർത്തനവും സംരക്ഷിക്കപ്പെടണമെങ്കിൽ, ഇപ്പോൾ ശുപാർശ ചെയ്ത സഹകരണ മേഖലയുടെ ജനാധിപത്യത്തെ കൂട്ടത്തോടെ കശാപ്പ് ചെയ്യാൻ ഒരുങ്ങുന്ന ഈ വികൃതമായ ഭേദഗതി പിൻവലിക്കണം. ആരാണ് ഇതിന്റെ പിന്നിലെന്ന് അറിയില്ല. എന്തായാലും സഹകരണ മന്ത്രിയല്ല, ഏതോ ഒരു മസ്തിഷ്കം ഇതിന്റെ പിന്നിലുണ്ട്. ആരാണെങ്കിലും എനിക്കിപ്പോൾ തോന്നുന്നത്, ഇവിടെ ഇത് ചർച്ചചെയ്തിട്ട് കാര്യമില്ല എന്നാണ്. ചർച്ച ചെയ്തിട്ട് കാര്യമുണ്ടെങ്കിൽ രാവിലെ

നടന്ന ചർച്ചയിൽ നമ്മുടെ ഭേദഗതി അംഗീകരിക്കേണ്ടതായിരുന്നു. അതുണ്ടായിട്ടില്ല. ആരുടെ തലയാണോ ഇതിന്റെ പിന്നിലുള്ളത്, അവരുടെ തലയിൽവച്ച് ഈ ബില്ല് കത്തിക്കണം. ഒരു തീപ്പെട്ടി ഉണ്ടായിരുന്നെങ്കിൽ ഈ ബില്ലൊന്ന് കത്തിക്കാമായിരുന്നുവെന്ന് പറഞ്ഞതുപോലെ.....

മി. സ്പീക്കർ: പ്രയോഗം അങ്ങനെയല്ല. അങ്ങേയ്ക്ക് തെറ്റിപോയി. അത് തിരിച്ചാണ്. സഭയ്ക്കകത്ത് കത്തിക്കുന്ന കാര്യമൊന്നും പറയരുത്. ശ്രീ. എ. പ്രദീപ്കുമാറിന്റെ പേരിൽ എക്സ്പ്ലോസീവ് ആക്ട് പ്രകാരം നട പടി വരും, ഗുരുതരമായ കുറ്റമായി വരും.

ശ്രീ. എ. പ്രദീപ് കുമാർ: സർ, പറയാൻ പാടില്ല. കത്തിക്കാൻ തീപ്പെട്ടിയില്ലല്ലോ. ആരുടേയെങ്കിലും ഉച്ചിയിൽവച്ച് അഗ്നിക്കിരയാക്കേണ്ട താണ്, ഈ ബില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ ശക്തമായി വിയോജിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, രണ്ട് ഓർഡിനൻസുകൾ ബില്ലാക്കേണ്ടതാണ്. ആ സമയത്തും ഇതൊരു കടലാസ് സംഘമാണ്, കടലാസ് സംഘങ്ങൾക്ക് വോട്ടവകാശം കൊടുക്കുന്നതിനെ സംബന്ധിച്ചും സാമ്പത്തികമായ പ്രശ്നങ്ങളെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. ഇവിടെ കടലാസ് സംഘങ്ങളെപ്പറ്റി പറഞ്ഞു. 2012 അന്താരാഷ്ട്ര സഹകരണവർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ എല്ലാ വിഭാഗത്തിലുംപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾക്കും, ക്രെഡിറ്റെന്നോ, നോൺ-ക്രെഡിറ്റെന്നോ എന്ന പരിഗണന കൂടാതെ തുല്യനീതിയും അവസരസമത്വവും ഉറപ്പുവരുത്തി സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയും വികാസവും സാധ്യമാക്കുന്നതിനാണ് സർക്കാരും സഹകരണവകുപ്പും ലക്ഷ്യമിടുന്നത്. ആയതിന് പര്യാപ്തമായ വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 97-ാം ഭരണഘടനാ ഭേദഗതിയിലെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് ബില്ലിലെ വ്യവസ്ഥകൾ. ഈ സാഹചര്യത്തിലാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഏറ്റവും നല്ല സഹകാരിയായിട്ടുള്ള ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള കാര്യം, 2000-ലെ സഹകരണ നിയമത്തിൽ വന്ന ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക സഹകരണ ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തുകയുണ്ടായി. അതോടൊപ്പം ഒന്നിലധികം

താലൂക്കുകൾ പ്രവർത്തന പരിധിയുള്ള ബാങ്കുകൾ ആറ് മാസത്തിനകം പ്രവർത്തന പരിധി ഒരു താലൂക്കായി പരിമിതപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അപ്രകാരം പരിമിതപ്പെടുത്താതെ ചില താലൂക്കുകളിൽ പുതിയ ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇപ്രകാരം പുതിയ ബാങ്ക് രജിസ്റ്റർ ചെയ്യുമ്പോൾ ആസ്തി ബാധ്യതകൾ വിഭജിക്കുകയുണ്ടായിരുന്നില്ല. തന്മൂലം നല്ലൊരു ശതമാനം ബാങ്കുകളിലും ദ്വയാംഗത്വം ഉണ്ടാകാൻ ഇടയായി. നിലവിലുണ്ടായിരുന്ന ബാങ്കിന്റെ ആസ്തി ബാധ്യതകൾ വിഭജിക്കാതെയും അംഗങ്ങളെയും ജീവനക്കാരെയും പുതിയ ബാങ്കിലേയ്ക്ക് വിന്യസിക്കാത്തതിനാലും നിലവിലുള്ള ബാങ്കുകളുടെ നിലനിൽപ്പ് പ്രതിസന്ധിയിലാവുകയും ചെയ്തു. ഇപ്രകാരം പ്രതിസന്ധിയിലായ ദീർഘകാല വായ്പ എടുത്തവരെ രക്ഷിക്കുന്നതിനായി 01.01.2001-ൽ നിലവിൽ വന്ന നിയമ വ്യവസ്ഥകൾക്കനുസൃതമായി താലൂക്കടിസ്ഥാനത്തിൽ ബാങ്കുകൾ രൂപീകരിക്കുകയാണുണ്ടായത്. ആസ്തി ബാധ്യതകൾ വിഭജിക്കാതെ രജിസ്റ്റർ ചെയ്ത 10 ബാങ്കുകളുടെ രജിസ്ട്രേഷൻ 2011-ലെ ഓർഡിനൻസ് വഴി സാധുതയല്ലാതായി തീർന്നു. തൽസ്ഥാനത്ത് താലൂക്ക് പരിധിയായി 10 ബാങ്കുകളും പുതുതായി 7 ബാങ്കുകളടക്കം 17 എണ്ണം ആസ്തി ബാധ്യതകൾ, അംഗങ്ങൾ, ജീവനക്കാരെയും നിയമിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആകെയുള്ള 17 ബാങ്കുകളിൽ 14 ബാങ്കുകളിലും യാതൊരും കുഴപ്പവുമില്ലാതെ തെരഞ്ഞെടുപ്പ് നടക്കുകയും ബോർഡുകൾ

വരികയും ചെയ്തു. ബാക്കിയുള്ളത് 31-ാം തീയിതിക്കകത്ത് വരും. നബാർഡിന്റേയും റിസർവ്വ് ബാങ്കിന്റേയും നിർദ്ദേശമനുസരിച്ച് ഉണ്ടായ താണ്. അതിൽ യാതൊരു തെറ്റുമില്ല, അതാണ് ഒരു ഓർഡിനൻസ്. രണ്ടാമത്തേത് ഞാൻ പറഞ്ഞതുപോലെ, കടലാസ് സംഘങ്ങളെക്കുറിച്ച് ഇടയ്ക്കിടയ്ക്ക് പറയുന്നുണ്ടെങ്കിലും, നമ്മുടെ സംസ്ഥാനത്ത് 1063 എംപ്ലോയീസ് ക്രെഡിറ്റ് സംഘങ്ങളുണ്ട്. വളരെ ശക്തിയുള്ളതും, സാമ്പത്തിക ശേഷിയുള്ളതും ജില്ലാ ബാങ്കുകൾക്ക് സാമ്പത്തികമായി ഡെപ്പോസിറ്റ് കൊടുക്കുന്നതുമായ 1063 ബാങ്കുകളുണ്ട്. അവർക്കും വോട്ടവകാശമില്ല. 376 ഹൗസിംഗ് സംഘങ്ങൾക്കും 658 കൺസ്യൂമർ സ്റ്റോറുകൾക്കും 1003 വനിതാ സംഘങ്ങൾക്കും 530 ലേബർ കോൺട്രാക്ട് സംഘങ്ങൾക്കും 140 ട്രാൻസ്പോർട്ട് സംഘങ്ങൾക്കും 714 പട്ടികജാതി/പട്ടിക വർഗ്ഗ സംഘങ്ങൾക്കും 187 ഹോസ്പിറ്റൽ സംഘങ്ങൾക്കും 68 ക്രെഡിറ്റ് പ്രിന്റിംഗ് സംഘങ്ങൾക്കും 177 കൺസ്യൂമർ സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾക്കൊന്നും വോട്ടവകാശമില്ല. ഇവയെല്ലാം പ്രവർത്തിക്കുന്ന സംഘങ്ങളാണ്. സാമ്പത്തികമായും ബുദ്ധിമുട്ടനുഭവിക്കുന്ന സംഘങ്ങളും ഇതിലുണ്ട്. അതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സഹകരണമേഖലയിൽ എല്ലാവർക്കും തുല്യനീതി കൊടുക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ആ തുല്യനീതി കൊടുക്കുകയെന്നുള്ളതാണ് പ്രധാന കാര്യം. ഇവിടെ പാവം മന്ത്രിയൊന്നും അറിയുന്നില്ല

എന്നൊക്കെ പറഞ്ഞു. അങ്ങനെയൊന്നും വിചാരിക്കണ്ട, അങ്ങനെയൊന്നും മനസ്സിൽ ഉണ്ടാകരുത്. ഞാൻ ആവശ്യമില്ലാതെ ഒന്നും സംസാരിക്കാറില്ല. എന്നാൽ ആവശ്യത്തിന് സംസാരിക്കുന്നുമുണ്ട്. എന്റെ ലക്ഷ്യം എല്ലാവരുമായി യോജിച്ച് പോകണമെന്നാണ്. ഈ ഗവൺമെന്റിന്റെ ലക്ഷ്യവും അതാണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ പാവമായി കാണുന്നവർ അങ്ങയെ പാവമായി കണ്ടു എന്നുളളതിൽ കുറ്റം പറയാനില്ല. അത് അങ്ങേയ്ക്കറിയാമോ?

ശ്രീ. സി.എൻ. ബാലകൃഷ്ണൻ:സർ, ചില സന്ദർഭങ്ങളിൽ പാവങ്ങൾക്ക് വളരെ ഗുണം ചെയ്യും. അങ്ങനെയുളള സന്ദർഭത്തിൽ ഞാൻ പാവമാകും. ഇപ്പോൾ ഞാൻ പാവമല്ല, അല്ലാത്ത രീതിയിലാണ് മുന്നോട്ട് നീങ്ങുന്നത്. ഞാൻ സഭയിലെ അംഗങ്ങളായ എല്ലാവരോടും പറയുകയാണ്, മറ്റുളള മേഖലയെപ്പോലെ സഹകരണ മേഖലയെ കാണരുത്. അത് നിങ്ങൾക്കെല്ലാവർക്കുമറിയാം, ഞാൻ പ്രസംഗിക്കേണ്ട ആവശ്യമില്ല. അതിലൊരു കോട്ടം വന്നുകഴിഞ്ഞാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത, താഴെത്തട്ടിലുളള സാമ്പത്തിക ഭദ്രത ഇല്ലാതാകും. അതുകൊണ്ട് രാഷ്ട്രീയത്തിനതീതമായിത്തന്നെ 2012-ൽ വളരെ ശ്രദ്ധിച്ചുമുന്നോട്ടു പോകുകയാണെങ്കിൽ ഈ രംഗത്തെ വളരെ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ഇലക്ഷനെ സംബന്ധിച്ചും മെമ്പർഷിപ്പിനെ സംബന്ധിച്ചും ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞു. ഈ രണ്ടു

കാര്യങ്ങളെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയെ സംബന്ധിച്ച് സമഗ്രമായ ഒരു മാറ്റം സഹകരണമേഖലയിൽ ഉണ്ടാകണമെന്ന് പറഞ്ഞു, ബൈലായിലും ആക്ടിലും. അതിന് പ്രത്യേകമായ ബിൽ കൊണ്ടുവന്ന് ചർച്ച ചെയ്യണം. നമ്മൾ എല്ലാവരും കൂട്ടായി ചർച്ച ചെയ്യാൻ പോകുകയാണ്. ആരെയും മാറ്റി നിർത്തുന്നില്ല. ഈ രംഗത്ത് ആരെയും മാറ്റി നിർത്താൻ സാധിക്കുകയില്ല. നമ്മുടെ സംസ്ഥാനത്തിന് ഉതകത്തക്ക രീതിയിൽലുള്ള സഹകരണ നിയമം കൊണ്ടുവരണം. തീർച്ചയായും ആ രീതിയിലുള്ള സംസാരമാണ് നടന്നത്. വലിയ വിമർശനങ്ങളൊന്നും വന്നില്ല. ആ നിലയ്ക്ക് നമുക്ക് മുന്നോട്ടു പോകാം. പ്രധാനപ്പെട്ട ഒരു കാര്യം ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് റബ്കോയെ സംബന്ധിച്ചുള്ളതാണ്. ശ്രീ. റ്റി.എൻ. പ്രതാപനും മറ്റു പലരും പറഞ്ഞു. അതിനെ സംബന്ധിച്ച് എനിക്ക് എന്റേതായിട്ടുള്ള അഭിപ്രായമുണ്ട്. റബ്കോയ്ക്ക് സഹായം ചെയ്ത് പണം കൊടുക്കുന്നത് സംസ്ഥാന സഹകരണ ബാങ്കുകൾ, ജില്ലാ ബാങ്കുകൾ, കഴിവുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവരാണ്. അതിന്റെ നിയമവശമനുസരിച്ച് പണം തിരിച്ചു പിടിക്കണം. എന്തുകൊണ്ട് അവർ പണം പിരിക്കാൻ പോകുന്നില്ല? അങ്ങനെ വരുന്ന സമയത്ത് സർക്കാരിന് എന്തൊക്കെ ചെയ്യാൻ പറ്റുന്നുവോ അതൊക്കെ ചെയ്യുന്നതായിരിക്കും. ആ കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഇതാണ്. അതിൽ മന്ത്രിക്കോ ബന്ധപ്പെട്ടവർക്കോ ഒരു വിഷമവും ഇല്ലാത്ത രീതിയിൽ മുന്നോട്ടുപോകാനാണ് തീരുമാനം.

കടം വാങ്ങിയ  പല സംഘങ്ങളുമുണ്ട്. പണം കൊടുത്തിട്ടുള്ള ആൾക്കാരിൽ നിന്ന് പണം തിരിച്ചുപിടിക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കണം. അതിനുള്ള സാഹചര്യം അവിടെയുണ്ട്. ആ വക കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തുവേണമെന്ന് പറഞ്ഞാൽ അത് ചെയ്യുന്നതാണ്. നമ്മൾ പല കാര്യങ്ങളും ഇവിടെ സംസാരിച്ചു.  ഈ നിയമ ഭേദഗതി കൊണ്ടുവന്നതിൽ രാഷ്ട്രീയമൊന്നുമില്ല. തെറ്റിദ്ധരിക്കുകയൊന്നും വേണ്ട. നിങ്ങൾ ആലോചിച്ചാൽ മതി. നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ സംഘങ്ങളേയും ഒരുമിച്ച് നിർത്തിക്കൊണ്ടുള്ള മേഖലയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനുവേണ്ടിയാണ് ഇത് ചെയ്തത്. ദയവായി ആ രീതിയിൽ കണ്ട് ഇവിടെ കൊണ്ടുവന്ന ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് അഭിപ്രായമുള്ളത്. മറ്റുകാര്യങ്ങളൊന്നും പറയാനില്ല. വിവാദമായ പ്രശ്നങ്ങൾ സഹകരണമേഖലയിൽ നിന്നൊഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾ അതിനോട് യോജിക്കും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ, അങ്ങയുടെ 2(ബി) നമ്പർ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## 2-ാം വകുപ്പ്

Shri G. Sudhakaran: Sir, I move the following amendment:

(110) Delete clause 2(i).

Shri K. Suresh Kurup: Sir, I move the following amendments:

(111) In clause (ia) of section 2 proposed to be substituted in the principal Act by clause 2 (i), the words “Primary Agricultural Societies and Urban Co-operative Banks”

shall be substituted for the words “any type of primary societies and Federal and Central societies”.

(112) In clause (ia) of section (2) proposed to be substituted in the principal Act by clause 2(i), insert the words “and Urban Co-operative Banks” after the words “any type of primary societies”.

(113) In clause (ia) of section (2) proposed to be substituted by clause (2)(i) delete the words “and Federal and Central societies”.

(114) In the proviso to clause (oc) of section 2 proposed to be substituted in the principal Act by clause (2)(ii) add the words “after one year from the commencement of the Kerala Co-operative Societies (Amendment) Ordinance 2012” at the end.

എന്റെ 111-ാം നമ്പർ ഭേദഗതിയിൽ പഴയ വാക്കുകൾ, “Primary Agricultural Societies and Urban Co-operative Banks” എന്നുള്ളത് “any type of primary societies and Federal and Central societies” എന്ന് മാറ്റേണ്ടതാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏത് കടലാസ് സൊസൈറ്റിക്കും, ആര് ഉണ്ടാക്കുന്ന ഏത് സൊസൈറ്റിക്കും ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം കൊടുക്കുന്ന ഭേദഗതിയാണ്. അത് ജില്ലാ സഹകരണ ബാങ്കിന്റെ ഇന്നത്തെ ഘടനയെ തകർക്കുന്നതും ജില്ലാ

സഹകരണ ബാങ്ക് എന്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണോ അത് ഇല്ലാതാക്കുന്നതും കൃഷിക്കാർക്ക് വായ്പ കൊടുക്കുന്ന രീതി തന്നെ ഇല്ലാതാക്കുന്നതുമായ ഒരു ഭേദഗതിയാണ്. ഇത് സഹകരണ മേഖലയെ തകർക്കുന്ന ഒരു ഭേദഗതിയാണ്. അത് മാറ്റുകയും പഴയ നില പുന:സ്ഥാപിക്കുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri Koliakode N. Krishnan Nair: Sir, I move the following amendment:

(115) In clause (qc) of section (2) proposed to be inserted in the principal Act by clause 2(iii) delete the words beginning with "to take into custody" and ending with "as provided in section 28 of the Act".

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ നൽകിയിരിക്കുന്ന 109-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാണ് എന്നതിനാൽ ഭേദഗതി ക്രമാനുസൃതമല്ല. ആ ഭേദഗതി മൂവ് ചെയ്യാൻ പറ്റില്ലെങ്കിലും താങ്കൾക്ക് വേണമെങ്കിൽ സംസാരിക്കാം.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഈ നിയമസഭയിൽ സഹകരണ ഭേദഗതി നിയമം സഹകരണ ജനാധിപത്യം തകർക്കാനുള്ളതാണ്. ഞാൻ ഇത്തരം ഒരു ഭേദഗതി നിർദ്ദേശിക്കുന്നത് സഹകരണ രംഗത്ത് തെറ്റായിട്ടുള്ള പ്രവണതകൾ വളർന്നുവരാൻ സാധ്യതയുണ്ട് എന്നുള്ളതാണ്.

നമ്മുടെ സഹകരണ കോൺഗ്രസ്സിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും കൂടി പങ്കെടുത്ത് ചർച്ച ചെയ്ത് ഇന്നത്തെ ബാങ്കിംഗ് രംഗത്ത് നിലനിൽക്കുന്ന ചില പ്രവണതകൾ ഇല്ലായ്മ ചെയ്യാൻ ക്രെഡിറ്റ് ബാങ്കുകൾക്ക് വേണ്ടി മാത്രമായി ഈ ബാങ്കുകളെ ഉപയോഗപ്പെടുത്തുകയും നമ്മുടെ കോ-ഓപ്പറേറ്റീവ് സെക്ടറിനെ മാറ്റുകയും മറ്റു വ്യവസായ സഹകരണ സംഘങ്ങൾ, ഇവിടെ പറഞ്ഞിരിക്കുന്ന പല സംഘങ്ങളും വ്യവസായ സഹകരണ സംഘങ്ങളാണ്, ഖാദിബോർഡിന്റെ കീഴിലുള്ള സംഘങ്ങളാണ്, പല രംഗത്തും ഉള്ള സംഘങ്ങളാണ്. ഇതെല്ലാം വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങളാണ്. അതിനെ ബാങ്കിംഗ് മേഖലകളിൽ രൂപപ്പെടുത്തി എടുത്ത് ഒരു ബാങ്കിംഗ് സിസ്റ്റത്തെ മെച്ചപ്പെടുത്തുക. അതിന്റെയടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ സംഘങ്ങൾക്കൊക്കെ വായ്പ കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുക. നബാർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷിക വായ്പാ സംഘങ്ങളെ കാർഷിക വായ്പാ സംഘങ്ങളായി അതിന്റെ പ്രവർത്തനങ്ങളെ വിപുലീകരിക്കുക എന്നൊരു കാഴ്ചപ്പാടോടുകൂടിയാണ് സഹകരണരംഗത്ത് എല്ലാവരും ചേർന്നുകൊണ്ട് ഇത്തരത്തിലുള്ള ഒരു സഹകരണ നിയമവും പാസ്സാക്കിയത്. അതിനെയാണ് ഇപ്പോൾ സഹകരണ ബാങ്കുകൾ പിടിച്ചെടുക്കുക എന്ന രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് പുതിയ സംഘങ്ങൾ ഉണ്ടാക്കി അഫിലിയേറ്റ് ചെയ്ത് മെമ്പർഷിപ്പ് ഉണ്ടാക്കിയിട്ടുള്ളത്. അത്

സഹകരണ പ്രസ്ഥാനങ്ങളുടെ അടിത്തറ തകർക്കും. അതുകൊണ്ടാണ് ഞാൻ ഭേദഗതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ : സർ ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ നൽകിയിരിക്കുന്ന 116-ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**4-ാം വകുപ്പ്**

Minister for Co-operation, Khadi & Village Industries and Pollution Control (Shri C.N. Balakrishnan): Sir, I move the following official amendment:

(134) For sub-section (1F) of section 28 proposed to be inserted in the principal Act by sub-clause (ii) of clause 4 of the Bill the following sub-section shall be substituted, namely:-

"(1F) Notwithstanding anything contained in the bye-laws of the District Co-operative Bank, two seats in the committee of each District Co-operative Bank shall be reserved for depositor member societies in the Bank".

Shri K. Suresh Kurup: Sir, I move the following amendments:

(119) In Section 28(1D) proposed to be inserted in the principal Act by clause 4(i), substitute the words "shall become void after one year of the commencement of the Kerala Co-operative Societies (Amendment) Ordinance 2012" for the words "shall be void".

(122) In section 28 (1F) proposed to be inserted in the principal Act by clause 4(ii), insert the words "having

deposit in the bank for five year proceeding the date of election" in between the words "for depositors" and " in the Bank".

(123) In section 28(1G) proposed to be inserted in the principal Act by clause 4(ii), substitute the words "who possess experience as the manager of any nationalized bank for a "minimum period of 3 years" for the words "who possess experience in banking or professional qualification".

(124) The proviso to section 28(1G) proposed to be inserted in the principal Act by clause 4(ii) shall be deleted.

(125) In the proviso to section 28(1G) proposed to be inserted in the principal Act by clause 4(ii), substitute the words "members of the society" for the words "member of the society or who are otherwise qualified".

(126) In section 28(1H) proposed to be inserted in the principal Act by clause 4(ii) delete the words "at least".

(128) In section 28(1I) proposed to be inserted in the principal Act by clause 4(ii), delete the words "at least"

(129) After section 28(1I) proposed to be inserted in the principal Act by clause 4(ii), add the following proviso "provided that the total number of members in the

Committee of each district Co-operative Bank shall not exceed 25”.

(130) In section 28(1I) proposed to be inserted in the principal Act by clause 4(ii), substitute the words “one seat” for the words “at least four seats”.

എനിക്ക് 122-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയാനുള്ളത്, ബില്ലിൽ പറഞ്ഞിരിക്കുന്നത്, ‘....two seats in the committee of each District Co-operative Bank shall be reserved for depositors in the Bank’ എന്നാണ്. എന്റെ ഭേദഗതിയിൽ ഈ രണ്ട് സീറ്റ്, “having deposit in the bank for five year proceeding the date of election” എന്നാക്കണം. അതായത്, ഒരാളെ ഇതിലേയ്ക്ക് എടുക്കാൻ വേണ്ടി അയാൾ തലേ ദിവസം വന്ന് ഡെപ്പോസിറ്റ് തുടങ്ങിയാലും എടുക്കുന്ന രീതി ഉണ്ടാകരുത്. ഒരു ഡെപ്പോസിറ്റർ ഈ ഇലക്ഷന് ഏറ്റവും കുറഞ്ഞത് അഞ്ച് വർഷമെ ങ്കിലും മുമ്പ് തന്നെ ആ ബാങ്കിലെ ഒരു ഡെപ്പോസിറ്റർ ആണ്, ബാങ്കിനോ ടുള്ള അദ്ദേഹത്തിന്റെ commitment ഏറ്റവും വ്യക്തമാക്കിയിട്ടുള്ള ഒരാ ളാണ് എന്നുണ്ടെങ്കിൽ മാത്രമേ അയാൾക്ക് തെരഞ്ഞെടുപ്പിൽ മൽസരി ക്കാൻ അവസരം നൽകാവൂ എന്നുള്ളതാണ് എന്റെ ഭേദഗതി. എന്റെ 123-ാം നമ്പർ ഭേദഗതിയിയെക്കുറിച്ച് പറയുമ്പോൾ, ബില്ലിൽ പറഞ്ഞിരി ക്കുന്നത്, ‘......two seats in the committee of each District Co-

operative Bank shall be reserved for representatives who possess experience in Banking or professional qualification' എന്നാണ്. അത് വളരെ അവ്യക്തമായിട്ടുള്ള കാര്യമാണ്. Experience in banking എന്നുള്ളതും professional qualification എന്നുള്ളതും കൃത്യമായി പറയണം. അതായത്, "who possess experience as the manager of any nationalized bank for a minimum period of 3 years" എന്നാക്കണം. ഇത് വളരെ അവ്യക്തമാണ്. എന്തിനാണ് ഒരാളെ ഇതിനകത്തേയ്ക്ക് നോമിനേറ്റ് ചെയ്യുന്നത്? ബാങ്കിംഗ് എക്സ്പീരിയൻസ് എന്ന് പറഞ്ഞാൽ ബാങ്കിലെ ഏറ്റവും താഴുന്ന കാറ്റഗറിയിൽ ജോലി ചെയ്യുന്ന ഒരാളെവരെ ആ എക്സപീരിയൻസ് വച്ചുവേണമെങ്കിൽ ഇതിനകത്തേയ്ക്ക് നോമിനേറ്റ് ചെയ്യാം. ആ സഹകരണ ബാങ്കിൽ തന്നെ വർക്ക് ചെയ്തിരുന്ന ഒരാളെ വേണമെങ്കിൽ നോമിനേറ്റ് ചെയ്യാം. അതിനുപകരം ഈ നാട്ടിൽ ബാങ്കിംഗിന്റെ പുതിയ സംവിധാനങ്ങൾ മനസ്സിലാക്കുകയും ആധുനിക ബാങ്കിംഗ് സംവിധാനത്തിന്റെ പരിചയമുള്ള ഒരാൾ ആകുകയും വേണം. അത് എങ്ങനെയാകണം? ആ അയാൾ ഒരു ദേശസാൽകൃത ബാങ്കിന്റെ മാനേജരായി ഏറ്റവും കുറഞ്ഞത് മൂന്നു വർഷമെങ്കിലും ഇരുന്നിട്ടുള്ള ആളാകണം എന്നുള്ളതാണ് എന്റെ ഭേദഗതി. ബാങ്കിനെ നന്നാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിൽ ഈ ഭേദഗതി അംഗീകരിക്കണം.

മറ്റൊന്ന് എന്റെ 126-ാം നമ്പർ ഭേദഗതിയാണ്. ബില്ലിൽ പറഞ്ഞിരിക്കുന്നത്, Section 28(1H), '......at least one seat in respect of each taluk shall be reserved for the representatives of Primary Agricultural Credit Societies in the committee of the District Co-operative Bank' എന്നാണ്. At least one seat എന്നുപറഞ്ഞാൽ ഏറ്റവും കുറഞ്ഞത് ഒരു സീറ്റെന്നാണ്. ഏറ്റവും കൂടുതൽ എത്രവരെയുമാകാം. അതായത് ഒരു താലൂക്കിൽ നിന്ന് എത്ര വേണമെങ്കിലും ആളുകളെ ഇതിലേയ്ക്ക് എടുക്കാവുന്നുള്ളതാണ്. ഒരു നമ്പർ ഫിക്സ് ചെയ്തിട്ടില്ല. At least എന്നുള്ളത് മാറ്റി one seat, എന്നാക്കണം. '......at least one seat in respect of each taluk shall be reserved for the representatives of Primary Agricultural Credit Societies in the committee of the District Co-operative Bank' എന്നു വരുമ്പോൾ അതിനകത്തുള്ള ഏത് സൊസൈറ്റിയിൽ നിന്നും എത്രവേണമെങ്കിലും ആളുകളാകാം. At least എന്നു പറഞ്ഞാൽ ഏറ്റവും കുറഞ്ഞതെന്നാണ്. ഏറ്റവും കൂടിയത് എത്രയാണ്? എത്ര കൂടുതൽ വേണമെങ്കിലും ആകാം. ഈ നിയമത്തിൽ ആരെ വേണമെങ്കിലും ഈ at least വച്ച് നോമിനേറ്റ് ചെയ്യാം.

ശ്രീ. ജി. സുധാകരൻ: സർ, ഓരോ സെക്ടറിൽ നിന്നും മാക്സിമം എടുക്കേണ്ടവരുടെ നമ്പർ ആദ്യം പറയണം എന്നിട്ട് ഒരു താലൂക്കിൽ

നിന്ന് ഇത്ര കൂടാൻ പാടില്ലെന്ന് വരണം. അങ്ങനെയാണ് നിയമം വരേണ്ടത്. അങ്ങനെ വരാത്തതുകൊണ്ടാണ് ഈ കൺഫ്യൂഷൻ വരുന്നത്. ഈ പറഞ്ഞത് ശരിയല്ലേ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്റെ 128-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത്, ബില്ലിൽ പറഞ്ഞിരിക്കുന്നത്, '....at least four seats in the committee of the District Co-operative Bank shall be reserved for other types of co-operative societies as members...' എന്നാണ്. ഇതിലും at least എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനെല്ലാം അനന്തമായ നമ്പരുകൾ വരാനാണ് ഇങ്ങനെ വച്ചിരിക്കുന്നത്. ഇതിനൊരു ഫിക്സഡ് നമ്പർ വരുന്നതിനു പകരം at least-ന്റെ ഉപയോഗം വച്ച് എത്ര ആളുകളെ വേണമെങ്കിലും കൊണ്ടുവരാമെന്നുള്ളതാണ്. അതുപോലെ എന്റെ 129-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് "provided that the total number of members in the Committee of each district Co-operative Bank shall not exceed 25" എന്നാണ്. ഇതിനൊരു ലിമിറ്റ് വയ്ക്കണ്ടേ? ജില്ലാ സഹകരണ ബാങ്ക് ഒരു ധനകാര്യ സ്ഥാപനമാണ്. ഒരു ധനകാര്യ സ്ഥാപനത്തിൽ unwieldy-യായി ഒരു കമ്മിറ്റി വരാൻ പാടില്ല. ആ ധനകാര്യ സ്ഥാപനത്തിന്റെ കാര്യങ്ങൾ പ്രൊഫഷണലായി മാനേജ് ചെയ്യാൻ പറ്റുന്ന ഒരു കമ്മിറ്റിയാകണം, അത് ജനറൽ ബോഡിയാകരുത്.

ഇത് എത്ര വേണമെങ്കിലും ആളുകളെ ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് എടുക്കാവുന്നതും ആ കമ്മിറ്റി ഒരു ആൾക്കൂട്ടമായി മാറും. അതുകൊണ്ട് ആ കമ്മിറ്റിയുടെ എണ്ണം 25 ആയി നിജപ്പെടുത്തണം.

Dr. N. Jayaraj: Sir, I move the following amendment:

(120) In section 28(1F) proposed to be inserted in the principal Act by clause 4(ii) for the words “two seats” substitute the words “three seats”.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ നൽകിയിരിക്കുന്ന 118-ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ല.

120-ാം നമ്പർ ഭേദഗതി 121-ാം നമ്പർ ഭേദഗതിക്കും 126-ാം നമ്പർ ഭേദഗതി 127-ാം നമ്പർ ഭേദഗതിക്കും തുല്യമാണ്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഇത് ഭരണഘടനാ ഭേദഗതിയുടെ വ്യവസ്ഥ അനുസരിച്ചേ ചെയ്യുകയുള്ളു വെന്നു പറഞ്ഞു. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കാൻ നിവൃത്തിയില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 134-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>മി. സ്പീക്കർ</u> : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 119, 123, 124, 125, 126, 128, 129, 130 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, എന്റെ 122-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. പി. കെ. ഗുരുദാസൻ
16. ശ്രീ. എം. ഹംസ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. കെ. കെ. ജയചന്ദ്രൻ
19. ശ്രീ. ഇ.പി. ജയരാജൻ
20. ശ്രീ. ജോസ് തെറ്റയിൽ
21. ശ്രീ. എളമരം കരീം
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. സി. കെ. നാണു

27. ശ്രീ. കെ. കെ. നാരായണൻ
28. ശ്രീ. എ. പ്രദീപ്കുമാർ
29. ശ്രീ. പുരുഷൻ കടലുണ്ടി
30. ശ്രീ. കെ. രാധാകൃഷ്ണൻ
31. ശ്രീ. പി. റ്റി. എ. റഹീം
32. ശ്രീ. ആർ. രാജേഷ്
33. ശ്രീ. റ്റി. വി. രാജേഷ്
34. ശ്രീ. കെ. രാജു
35. ശ്രീ. രാജു എബ്രഹാം
36. പ്രൊഫ. സി. രവീന്ദ്രനാഥ്
37. ശ്രീ. സി. കെ. സദാശിവൻ
38. ശ്രീ. സാജു പോൾ
39. ശ്രീ. വി. ശശി
40. ശ്രീ. ബി. സത്യൻ
41. ശ്രീ. വി. ശിവൻകുട്ടി
42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
43. ശ്രീ. ജി. സുധാകരൻ
44. ശ്രീ. വി. എസ്. സുനിൽ കുമാർ
45. ശ്രീ. കെ. സുരേഷ് കുറുപ്പ്
46. ശ്രീ. പി. തിലോത്തമൻ
47. ശ്രീ. തോമസ് ചാണ്ടി
48. ശ്രീ. ഇ. കെ. വിജയൻ
49. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സി. എൻ. ബാലകൃഷ്ണന്‍
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല

52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷാഫി പറമ്പിൽ
59. ശ്രീ. കെ. എം. ഷാജി
60. ശ്രീ. എൻ. ഷംസുദ്ദീൻ
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. കെ സുരേഷ് കുറുപ്പ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..................... 49

പ്രതികൂലിക്കുന്നവർ...................... 72

നിഷ്പക്ഷത പാലിക്കുന്നവർ.......... ആരുമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി 49 -ന് എതിരെ 72 വോട്ടുകളോടെയും 119, 123, 124, 125, 126, 128, 129, 130 എന്നീ നമ്പർ ഭേദഗതികളും സഭ നിരാകരിച്ചു.

മി. സ്പീക്കർ : ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ: എൻ. ജയരാജ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ......................

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri. E.P. Jayarajan: Sir, I move the following amendment:

131. Delete clause 5.

Shri. Suresh Kurup: Sir, I move the following amendments:

132. Clause 5(b) shall be deleted.

133. In clause 5(c) delete the word “a new Committee”.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

ഭേദഗതിയില്ല

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ഭേദഗതിയില്ല

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2012-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ.പി. ജയരാജൻ: സർ, സഹകരണ മേഖലയെ ബാധിക്കുന്ന സുപ്രധാനമായ ഒരു നിയമമാണ് ഇവിടെ പാസ്സാക്കാൻ പോകുന്നത്. ഭരണകക്ഷിക്കുള്ള ഇന്നത്തെ ഭൂരിപക്ഷം വച്ചുകൊണ്ട് ഇത് പാസ്സാക്കും. പക്ഷെ ഞങ്ങൾക്ക് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്, നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കത്തക്ക നിലയിലുള്ള നിലപാട് സ്വീകരിക്കരുത്. കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന മുന്നണികൾ സഹകരണ പ്രസ്ഥാനങ്ങളെ കയ്യടക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഇത്തരം ഒരു പ്രക്രിയ തുടർന്നാൽ അത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ

നാശത്തിന് വഴിതെളിയും. ഇവിടെ പല കാലഘട്ടങ്ങളിലും നടന്നിട്ടുള്ള സഹകാരികളുടെ കൂട്ടായിട്ടുള്ള പരിശ്രമത്തിന്റെ ഫലമായിട്ടാണ്, ഇവിടെ ഇരിക്കുന്നവർ മാത്രമല്ല അവിടെയിരിക്കുന്നവരും, എല്ലാ സഹകാരികളും കൂട്ടായി സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായാണ് ഇന്ന് കേരളത്തിൽ എല്ലാ മേഖലകളിലും പടർന്ന് പന്തലിച്ചിട്ടുള്ള സഹകരണ മേഖല വളർന്നുവന്നിട്ടുള്ളത്. ആ സഹകരണ മേഖലയിൽ ജനാധിപത്യം കാത്തു സൂക്ഷിക്കാൻവേണ്ടി ഭരണാധികാരം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ പിടിച്ചടക്കാതിരിക്കുന്ന ഒരു സമീപനം സ്വീകരിക്കണം. അല്ലെങ്കിൽ സഹകരണ മേഖലയിലുണ്ടാകുന്ന നീക്കങ്ങൾ കേരളത്തിന്റെ എല്ലാ രംഗത്തുമുള്ള തകർച്ചയ്ക്ക് ഇടയാക്കും. അത് വലിയതരത്തിലുള്ള പ്രശ്നങ്ങൾക്ക് മുൻകാലങ്ങളിൽ ഇടയാക്കിയിട്ടുണ്ട്. ആ അനുഭവ ത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമത്തെ ദുരുപയോഗപ്പെടുത്താതിരി ക്കാൻ ഗവൺമെന്റ് അങ്ങേയറ്റം ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ഒരു ബിൽ നിയമമാകുമ്പോൾ അതിന്റെ ഇംപ്ലിമെന്റേ ഷൻ സമയത്ത് എന്ത് ചെയ്യണമെന്നുള്ളതാണ് മൂന്നാം വായനയിൽ ഉദ്ദേ ശിക്കുന്നത്. അത് അങ്ങ് ഫലപ്രദമായി, അതിനകത്തുനിന്നുതന്നെ സംസാരിച്ചു.

2012-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പാസ്സാക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

73. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
74. ശ്രീ. പി. കെ. അബ്ദു റബ്ബ്
75. ശ്രീ. പി. ബി. അബ്ദുൾ റസാക്
76. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
77. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
78. ശ്രീ. കെ. അച്ചുതൻ
79. ശ്രീ. ടി. എ. അഹ്മദ് കബീർ
80. ശ്രീ. മഞ്ഞളാംകുഴി അലി
81. ശ്രീ. എ. പി. അനിൽകുമാർ
82. ശ്രീ. അനൂപ് ജേക്കബ്
83. ശ്രീ. അൻവർ സാദത്ത്
84. ശ്രീ. കെ. ബാബു
85. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
86. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
87. ശ്രീ. വി. ടി. ബൽറാം
88. ശ്രീ. പി. കെ. ബഷീർ
89. ശ്രീ. ബെന്നി ബെഹനാൻ
90. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
91. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
92. ശ്രീ. കെ. ബി. ഗണേഷ് കുമാർ
93. ശ്രീ. എ. റ്റി. ജോർജ്
94. ശ്രീ. പി. സി. ജോർജ്
95. ശ്രീ. ഹൈബി ഈഡൻ
96. ശ്രീമതി പി. കെ. ജയലക്ഷ്മി
97. ഡോ. എൻ. ജയരാജ്
98. ശ്രീ. കെ. സി. ജോസഫ്

99. ശ്രീ. പി. ജെ. ജോസഫ്
100. ശ്രീ. ജോസഫ് വാഴക്കൻ
101. ശ്രീ. വർക്കല കഹാർ
102. ശ്രീ. കെ. എൻ. എ. ഖാദർ
103. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
104. ശ്രീ. റ്റി. യു. കുരുവിള
105. ശ്രീ. ലൂഡി ലൂയിസ്
106. ശ്രീ. പി. എ. മാധവൻ
107. ശ്രീ. സി. മമ്മൂട്ടി
108. ശ്രീ. കെ. എം. മാണി
109. ശ്രീ. കെ. പി. മോഹനൻ
110. ശ്രീ. സി. മോയിൻകുട്ടി
111. ശ്രീ. മോൻസ് ജോസഫ്
112. ശ്രീ. സി. പി. മുഹമ്മദ്
113. ശ്രീ. ആര്യാടൻ മുഹമ്മദ്
114. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
115. ഡോ. എം. കെ. മുനീർ
116. ശ്രീ. കെ. മുരളീധരൻ
117. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
118. ശ്രീ. ഉമ്മൻ ചാണ്ടി
119. ശ്രീ. അടൂർ പ്രകാശ്
120. ശ്രീ. റ്റി. എൻ. പ്രതാപൻ
121. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
122. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
123. ശ്രീ. രമേഷ് ചെന്നിത്തല
124. ശ്രീ. പാലോട് രവി
125. ശ്രീ. റോഷി അഗസ്റ്റിൻ
126. ശ്രീ. വി. പി. സജീന്ദ്രൻ
127. ശ്രീ. എൻ. ശക്തൻ
128. ശ്രീ. വി. ഡി സതീശൻ
129. ശ്രീ. ഷാഫി പറമ്പിൽ
130. ശ്രീ. കെ. എം. ഷാജി
131. ശ്രീ. എൻ. ഷംസുദീൻ
132. ശ്രീ. ആർ. സെൽവരാജ്
133. ശ്രീ. ഷിബു ബേബി ജോൺ
134. ശ്രീ. കെ. ശിവദാസൻ നായർ
135. ശ്രീ. വി. എസ്. ശിവകുമാർ
136. ശ്രീ. സണ്ണി ജോസഫ്
137. ശ്രീ. സി. എഫ്. തോമസ്
138. ശ്രീ. തോമസ് ഉണ്ണിയാടൻ

139. ശ്രീ. പി. ഉബൈദുള്ള
140. ശ്രീ. എം. ഉമ്മർ
141. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
142. ശ്രീ. എം. എ. വാഹീദ്
143. ശ്രീ. എം. പി. വിൻസെന്റ്
144. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ:

50. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
51. ശ്രീമതി പി. അയിഷാ പോറ്റി
52. ശ്രീ. എ. എം. ആരിഫ്
53. ശ്രീ. എ. എ. അസീസ്
54. ശ്രീ. ബാബു എം. പാലിശ്ശേരി
55. ശ്രീ. എ. കെ. ബാലൻ
56. ശ്രീമതി ഇ. എസ്. ബിജിമോൾ
57. ശ്രീ. എം. ചന്ദ്രൻ
58. ശ്രീ. ഇ. ചന്ദ്രശേഖരൻ
59. ശ്രീ. വി. ചെന്താമരാക്ഷൻ
60. ശ്രീ. കെ. ദാസൻ
61. ശ്രീ. ബി. ഡി. ദേവസ്സി
62. ശ്രീമതി ഗീതാ ഗോപി
63. ശ്രീ. ചിറ്റയം ഗോപകുമാർ
64. ശ്രീ. പി. കെ. ഗുരുദാസൻ
65. ശ്രീ. എം. ഹംസ
66. ശ്രീ. ജെയിംസ് മാത്യു
67. ശ്രീ. കെ. കെ. ജയചന്ദ്രൻ
68. ശ്രീ. ഇ. പി. ജയരാജൻ
69. ശ്രീ. ജോസ് തെറ്റയിൽ
70. ശ്രീ. എളമരം കരീം
71. ശ്രീ. സി. കൃഷ്ണൻ
72. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
73. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
74. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
75. ശ്രീ. കോവൂർ കുഞ്ഞുമോൻ
76. ശ്രീ. സി. കെ. നാണു
77. ശ്രീ. കെ. കെ. നാരായണൻ
78. ശ്രീ. എ. പ്രദീപ്കുമാർ
79. ശ്രീ. പുരുഷൻ കടലുണ്ടി
80. ശ്രീ. കെ. രാധാകൃഷ്ണൻ

81. ശ്രീ. പി. റ്റി. എ. റഹീം
82. ശ്രീ. ആർ. രാജേഷ്
83. ശ്രീ. റ്റി. വി. രാജേഷ്
84. ശ്രീ. കെ. രാജു
85. ശ്രീ. രാജു എബ്രഹാം
86. പ്രൊഫ. സി. രവീന്ദ്രനാഥ്
87. ശ്രീ. സി. കെ. സദാശിവൻ
88. ശ്രീ. സാജു പോൾ
89. ശ്രീ. വി. ശശി
90. ശ്രീ. ബി. സത്യൻ
91. ശ്രീ. വി. ശിവൻകുട്ടി
92. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
93. ശ്രീ. ജി. സുധാകരൻ
94. ശ്രീ. വി. എസ്. സുനിൽകുമാർ
95. ശ്രീ. കെ. സുരേഷ് കുറുപ്പ്
96. ശ്രീ. പി. തിലോത്തമൻ
97. ശ്രീ. തോമസ് ചാണ്ടി
98. ശ്രീ. ഇ. കെ. വിജയൻ
99. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 50

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

* * * * * * * * * * * * * * *